# ബൈബിൾ
# ദൂതൻ



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to,

Editor
THE BIBLE TEACHER
C–22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors


P. K. VARGHESE — J. C. CHOATE

*** *** ***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 4 — June 1990 — No. 3




ഏതാനും ആഴ്ചകൾക്കു മുൻപ് ഒരു പ്രെയർ ഗ്രൂപ്പിൽ ക്ലാസെടുക്കുന്നതിനു ക്ഷണിക്കുകയുണ്ടായി. ആ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും യുവതീയുവാക്കളായിരുന്നു. ഒരു വീട്ടിൽ വെച്ചാണ് അതു നടത്തുന്നത്. ബൈബിളിലുള്ള ഏതെങ്കിലും ഒരു ഭാഗമെടുത്ത് അതിനെ വിശകലനം ചെയ്യുകയാണ് അവരുടെ പതിവ്. തികച്ചും അഭിനന്ദിക്കത്തക്ക ഒരു പ്രവണതയാണ് അതെന്ന് ആത്മീയ വീക്ഷണമുള്ള ആരും സമ്മതിക്കും. പക്ഷേ ആ ചർച്ച വെറുതെ കുറെ കാര്യങ്ങൾ സംസാരിക്കുക എന്ന നിസാരമായ ചടങ്ങായി കണ്ടാൽ അതു് ഖേദകരമാണ് ദൈവവചനത്തെ നാം അതിന്റേതായ ഗൗരവത്തിൽവേണം കൈകാര്യം ചെയ്യുവാൻ. ദൈവനാമം നാം വൃഥാ എടുത്തു ദൈവകോപത്തിന് ഇരയായി തീരരുത്. വളരെ സൂക്ഷ്മതയോടും ഭയത്തോടും പ്രാർത്ഥനയോടും കൂടെ വേണം അതിനെ എടുക്കുവാൻ. തിരുവെഴുത്തുകളുടെ മർമ്മം ശരിയായി പഠിച്ചിട്ട് വേണം സംസാരിക്കുവാൻ. ബൈബിളിലെ ഏതെങ്കിലും ഒരു വാക്യം എടുത്തുകൊണ്ട് ചിലർ തങ്ങളുടെ ചിന്തയിൽ നിന്നും ഉത്ഭവിക്കുന്നതെല്ലാം സംസാര വിഷയമാക്കാറുണ്ട്. അതു പലപ്പോഴും അബദ്ധങ്ങൾ പറയുന്നതിലേക്ക് എത്തിക്കും. ദൈവവചനം ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ചയുള്ളതാണ്. ദൈവ ശക്തിയടങ്ങിയിരിക്കുന്ന ഈ വചനം സൗമ്യതയോടെ അനുസരിക്കുക. അതിൽ മായം ചേർക്കാതെ പ്രസ്താവിക്കുക.

പി.കെ. വർഗീസ്

# രാജ്യത്തിന്റെ താക്കോൽ

J. C. ചോട്ട്

ക്രിസ്തു ദൈവപുത്രനാണെന്ന് തന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്ന പത്രോസ് പറഞ്ഞപ്പോൾ, അവൻ ദൈവപുത്രനാണ് എന്ന വസ്തുതയിന്മേൽ അവന്റെ സഭ പണിയുമെന്നു കർത്താവ് പ്രതികരിക്കുകയും ചെയ്തശേഷം തുടർന്നു പറയുന്നതു ഇപ്രകാരമാണ്. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും.".

ഈ സംഭാഷണത്തിന്റെ ആരംഭത്തിൽ അപ്പോസ്തലന്മാരോടു മൊത്തത്തിൽ തന്നെക്കുറിച്ച് അവർ എന്തുവിചാരിക്കുന്നു എന്നുചോദിക്കുകയുണ്ടായി. എന്നാൽ ആ കൂട്ടത്തിൽ പത്രോസാണ് അതിനു മറുപടി പറഞ്ഞത്. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് അവൻ എന്നതായിരുന്നു പത്രോസിന്റെ പ്രതികരണം. പത്രോസിന് ക്രിസ്തുവിലുള്ള വിശ്വാസം ഒന്നുമാത്രമായിരുന്നില്ല ആ ഏറ്റുപറച്ചിൽ സൂചിപ്പിക്കുന്നത്. എല്ലാ അപ്പൊസ്തലന്മാരുടെയും വിശ്വാസത്തെയാണ് അതു തെളിയിക്കുന്നത്. അതുകൊണ്ട് രാജ്യത്തിന്റെ താക്കോൽ വാഗ്ദാനം എല്ലാവരേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതിനെ സംബന്ധിച്ച് വിവരിക്കുന്ന ഭാഗം വായിച്ചാൽ അതു വ്യക്തമാകും.

മനസിൽ ഉദിച്ചേക്കാവുന്ന ഒരു ചോദ്യമിതാണ്. എന്താണ് രാജ്യത്തിന്റെ താക്കോൽ? ഈ രാജ്യ സ്ഥാപനത്തെക്കുറിച്ച് ആദ്യമായി നമുക്കു നിർവ്വചിക്കാം. ഈ സന്ദർഭത്തിൽ രാജ്യത്തെ സൂചിപ്പിച്ചുകൊണ്ട് സഭയെയാണ് വിവരിക്കുന്നത്. യേശുക്രിസ്തു ദൈവപുത്രനാണെന്നു സമ്മതിച്ച ആ വസ്തുതയിന്മേൽ, അടിസ്ഥാനമായ പാറമേൽ തന്റെ സഭ പണിയുമെന്നാണ് കർത്താവ് പറഞ്ഞത്. ഈ വേദഭാഗത്ത് പ്രതിപാദിക്കുന്ന വിഷയമായി പരിഗണനക്കെടുക്കേ

ണ്ട വിഷയം സഭ എന്നതാണ്. എന്നിട്ട് അവൻ രാജ്യത്തെക്കുറിച്ച് സംസാരിക്കുന്നു. അപ്പോൾ അവൻ സംസാരിക്കുന്നതു രണ്ടു വ്യത്യസ്ഥമായ കാര്യങ്ങളാണോ? തീർച്ചയായും അല്ല. വാസ്തവത്തിൽ സഭയും രാജ്യവും ഒന്നുതന്നെ. ഒരേ സ്ഥാപനത്തെക്കുറിച്ച് മാറി മാറി ഉപയോഗിച്ചിരിക്കുന്ന രണ്ടു വ്യത്യസ്ഥ വാക്കുകളാണ് ഇവ രണ്ടും. അതായത്, ദൈവത്തെ അനുസരിച്ചവരും, സഭയോടു ചേർക്കപ്പെട്ടവരും അഥവാ സഭയുടെ ഭാഗമായി തീർന്നവരും (പ്രവൃത്തി.2:47) ആണ്. അങ്ങനെയുള്ളവർ കർത്താവിന്റെ ഭവനവും (എഫെസ്യർ3:15; 1 തിമൊഥെയോസ്. 3:15) ക്രിസ്തുവിന്റെ ആത്മീയ ശരീരവുമാണ് (1 കൊരിന്ത്യർ 12:27). സഭയുടെ സ്ഥാപനത്തെക്കുറിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്നത് (പ്രവൃത്തി 2) അതുപോലെ തന്നെ ഇതേ പുസ്തകത്തിൽ ദൈവരാജ്യം എന്ന പദപ്രയോഗവും നിരവധി കാണുവാൻ കഴിയും ((പ്രവൃത്തി.1:3; പ്രവൃത്തി 8:12; പ്രവൃത്തി.20:25).

എല്ലാ സംഭവങ്ങളിലും പറയുന്ന കാര്യങ്ങൾ യുക്തമായി പരിശോധിച്ചാൽ രാജ്യവും സഭയും ഒന്നു തന്നെ എന്നു സംശയരഹിതമായി തെളിയുന്നു. സഭയിലെ അംഗങ്ങളെപ്പററി പറയുമ്പോൾ കൊലോസ്യർക്കു എഴുതുമ്പോൾ പൗലോസ് പറയുന്നത്, തന്നെയും കൂടെ ഉൾപ്പെടുത്തിയാണ്. "നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു". (കൊലൊസ്യർ1:13). മറെറാരു വാചകത്തിൽ പറഞ്ഞാൽ സഭയിലുള്ളവർ ക്രിസ്തുവിന്റെ രാജ്യത്തിലും രാജ്യത്തിലുള്ളവർ അവന്റെ സഭയിലും ആകുന്നു എന്നതാണ് ശരി.

രാജ്യവും സഭയും ഒന്നാണ് എന്നു വ്യക്തമായതിനാൽ അടുത്തതായി നാം ചിന്തിക്കേണ്ടത്, രാജ്യത്തിന്റെ അഥവാ സഭയുടെ താക്കോൽ എന്നു പറയുന്നത് എന്ത് എന്നതാണ്. ഒരു വാതിലോ അല്ലെങ്കിൽ ഗെയിറേറാ പൂട്ടുന്നതിനും തുറക്കുന്നതിനും ഉപയോഗിക്കുന്നതാണ് സാധാരണ നാം കാണുന്ന താക്കോൽ. അപ്പോൾ ഈ സന്ദർഭത്തിൽ പറയുന്ന താക്കോൽ, ദൈവരാജ്യത്തിലേക്ക് അല്ലെങ്കിൽ സഭയിലേക്കുള്ള പ്രവേശനം തുറന്നു കൊടുക്കുകയും പൂട്ടിവെക്കുകയും ചെയ്യുക എന്നതാണ്. കർത്താവ് ആ താക്കോൽ അപ്പൊസ്തലന്മാർക്കു നൽകുമെന്നു പറഞ്ഞിരുന്നു. യേശുക്രിസ്തു അതു പറയുമ്പോൾ അക്ഷരികമോ ഭൗതികമോ ആയ താക്കോൽ ആയിരുന്നില്ല; മറിച്ച് ആത്മീയമായ ഒന്നായിരുന്നു.

(ശേഷം 27–ാം പേജിൽ)

# അധർമ്മം പ്രവൃത്തിക്കുന്നവർ

M. K. കുര്യൻ

യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണം അവസാനിപ്പിക്കുന്നതിന് തൊട്ടു മുമ്പായി ന്യായ വിധി നാളിൽസംഭവിപ്പാനിരിക്കുന്ന ചില സംഭവങ്ങളെക്കുറിച്ചു മുമ്പുകൂട്ടി അറിയിച്ചിരിക്കുന്നു.

അതിൽ മുഖ്യമായതു, അന്നു അവൻ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ മനുഷ്യരെ വേർതിരിച്ചു നിത്യരാജ്യത്തിന്നു അവകാശികളായവരെ വലത്തുഭാഗത്തും, നിത്യനരകത്തിനു യോഗ്യരായവരെ ശിക്ഷാവിധിക്കായി ഇടത്തുഭാഗത്തും നിർത്തിയ ശേഷം ന്യായം വിധിക്കും. ഇതിൽ ഇടത്തുഭാഗത്തു നിർത്തുന്നവരോടു അവൻ ഇപ്രകാരം പറയും എന്നു വെളിപ്പെടുത്തിയിരിക്കുന്നു. "അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവൃത്തിക്കുന്നവരേ, എന്നെവിട്ടുപോകുവിൻ എന്നുതീർത്തുപറയും." എന്നാണതു. ഇതിൽ നിന്നും ശേഷം തിരുവെഴുത്തുകളെ നാം പരിശോധിച്ചാൽ ഇപ്രകാരം അധർമ്മം പ്രവൃത്തിക്കുന്നവർ ആരാണെന്ന് നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം, അവരെയാണ് കള്ള ക്രിസ്തുക്കൾ എന്നും കള്ളപ്രവാചകന്മാർ എന്നും തിരുവചനം വിശേഷിപ്പിച്ചിരിക്കുന്നതു (മത്താ: 7:15) (24:24-25). എന്തുകൊണ്ടെന്നാൽ അവർ യേശുവിനെ കർത്താവേ, കർത്താവേ എന്നു വിളിക്കയും, അവന്റെ നാമത്തിൽ പ്രവചിച്ചു. ഭൂതങ്ങളെ പുറത്താക്കി, അന്യഭാഷകളിൽ സംസാരിച്ചു മറ്റു പല അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിച്ചു എന്നിപ്രകാരം ന്യായ വിധിനാളിൽ അവകാശപ്പെടും. എങ്കിലും ദൈവത്തിന്റെ ഇഷ്ടം ഇന്നതെന്നറിഞ്ഞു അവർ അതു ചെയ്തിട്ടില്ല എന്നു തെളിയുന്നു (മത്താ; 7: 21-23)

ആകയാൽ ദൈവത്തിന്റെ ഇഷ്ടം എന്താണെന്നു നാം അറിഞ്ഞിരിക്കണം. സകല മനുഷ്യരും യേശുക്രിസ്തുവിനെ അനുസരിക്കയും രക്ഷിക്കപ്പെടുകയും നിത്യ രക്ഷക്കായി ക്രിസ്തുവിന്റെ പരി

ജ്ഞാനത്തിൽ വളരുകയും ചെയ്യണം. ഇതാണു് ദൈവത്തിന്റെ ഇഷ്ടം. (മത്താ; 7:24-27;, യോഹ: 14: 23-24), (മത്താ: 17:5), (1 തിമൊ: 2:4-6), (2 പത്രോ: 3:17,18). നമ്മുടെ ഈ കാലയളവിൽ ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന ചിലർക്കു, അന്യഭാഷകളിൽ സംസാരിക്കുവാനും, പ്രവചിക്കുവാനും, അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുവാനും, രോഗികളെ സൗഖ്യമാക്കുവാനും മററു പല വീര്യപ്രവൃത്തികൾ ചെയ്യുവാനും ആത്മിക വരങ്ങൾ ലഭിച്ചിട്ടുള്ളതായി അവകാശപ്പെടുന്നുണ്ട്. എങ്കിലും അവർക്കു അതു യാഥാർത്ഥ്യമാക്കുവാൻ കഴിയുന്നില്ല. ഇപ്രകാരം വരങ്ങൾ ലഭിച്ചു എന്നവകാശപ്പെടുന്ന ചിലർ ഇപ്പോൾ ആശുപത്രികളെ അഭയം പ്രാപിച്ചിട്ടുള്ളതായും അറിയുന്നു. യാദൃശ്ചികമായി ചില അത്ഭുതങ്ങൾ നടക്കുന്നുണ്ടെങ്കിലും ആരെങ്കിലും ഒരു രോഗിയെ അവരുടെ അടുക്കൽ കൊണ്ടുപോകയും ആ രോഗിക്കു സൗഖ്യം ലഭിക്കാതിരിക്കയും ചെയ്താൽ അതിനു കാരണമെന്തെന്ന് നാം ചോദിച്ചാൽ ആ രോഗിക്ക് വിശ്വാസമില്ലാഞ്ഞിട്ടാണെന്നു അവർ മറുപടി പറയും. ഇവിടെ ഇപ്രകാരം പറയുന്നവരാണ് കള്ള പ്രവാചകന്മാരും, കള്ള ക്രിസ്തുക്കളും എന്ന് വ്യക്തമായി തെളിയുന്നു. എന്തുകൊണ്ടെന്നാൽ യേശുക്രിസ്തു ഒരിക്കൽ വിശ്വാസത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഇപ്രകാരം പഠിപ്പിച്ചു. ''ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുകൊണ്ടു ഈ മലയോടു; നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടുനിങ്ങളോടു പറയുന്നു'' (മർക്കോ: 11:23).

ഇന്ന് അത്ഭുതങ്ങൾ പ്രവൃത്തിപ്പാൻ കഴിവുണ്ടെന്നു അവകാശപ്പെടുന്നവർ മലയോടു ഇപ്രകാരം പറഞ്ഞിട്ടു അതു സാധിക്കാത്ത പക്ഷം അതു മലക്ക് വിശ്വാസമില്ലാഞ്ഞിട്ടാണെന്നു പറയുവാനും മടിക്കയില്ല. കാരണം വിശ്വാസമില്ലാതെ ആരുംതന്നെ ഇപ്രകാരമുള്ള ആവശ്യങ്ങൾക്കായി ആരേയും സമീപിക്കയില്ല. മുലകുടിമാറാത്ത ഒരു പിഞ്ചുകുഞ്ഞിനെ രോഗാവസ്ഥയിൽ ഇവർക്കു സൗഖ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ കുഞ്ഞിന് വിശ്വാസമില്ലാഞ്ഞിട്ടാണെന്ന് ഇവർ പറയുമോ? അപ്പോസ്തോലിക കാലയളവിൽ അപ്പോസ്തലന്മാരും അവരുടെ കൈ വെപ്പിനാൽ ആത്മീക വരങ്ങൾ ലഭിച്ചവരും അനേകം അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിച്ചതായും അവരുടെ അടുക്കൽ വന്ന സകല രോഗികളേയും സൗഖ്യമാക്കിയതായും ആ രോഗികളിൽ ഒരാൾ പോലും നിരാശരായി (സൗഖ്യമാകാതെ) മടങ്ങി പോകുവാൻ ഇട വന്നിട്ടില്ലായെന്നും തിരുവചനം വ്യക്തമാക്കുന്നു (പ്രവൃ: 5;12-16), (8:5-8). ആയതിനാൽ ഇക്കാലത്തു ഈ അവകാശവാദം പറയുന്നവരെയാണു അധർമ്മം പ്ര

വർത്തിക്കുന്നവരെന്നു തിരുവചനം വിശേഷിപ്പിക്കുന്നതു, എങ്കിലും ഈ അവകാശവാദങ്ങളെയെല്ലാം നിരാകരിച്ചും കൊണ്ടാണ് "ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല" എന്നു ന്യായവിധിനാളിൽ അവരോടു തീർത്തുപറയുമെന്നു ക്രിസ്തു മുമ്പുകൂട്ടി അറിയിച്ചിരിക്കുന്നതു. "അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും" എന്നാണ് അവരെക്കുറിച്ചു പഠിപ്പിക്കുന്നതു (2 തെസ്സ: 2:9-12).

പ്രിയരേ, ആരെങ്കിലും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചാൽ, രോഗികളെ സൗഖ്യമാക്കിയാൽ, മരിച്ചവരെ ഉയിർപ്പിച്ചാൽ, അന്യഭാഷകളിൽ സംസാരിച്ചാൽ അവ പ്രവർത്തിക്കുന്നവരും, അവരാൽ സൗഖ്യമായവരും, ഉയിർത്തെഴുന്നേററവരും, അന്യഭാഷകളിൽ സംസാരിച്ചവരും നിത്യജീവൻ പ്രാപിക്കും എന്നു തിരുവചനം പഠിപ്പിക്കുന്നില്ല (1 കൊരി. 13), (മർക്കൊ: 9:47). അവർക്കു ന്യായവിധി വരേണ്ടതിന്നു ദൈവം തന്നേ അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു. കാരണം സത്യത്തെ വിശ്വസിക്കാതെ അവർ ഇപ്രകാരമുള്ള അനീതിയിൽ രസിക്കയത്രേ ചെയ്യുന്നതു" (2 തെസ്സ: 2:9-12). പ്രിയരേ ദൈവഹിതപ്രകാരമുള്ള അടയാളങ്ങളും അത്ഭുതങ്ങളും സംശയലേശമെന്യേ അതിന്റെ ലക്ഷ്യനിർവ്വഹണം ഒരു യാഥാർത്ഥ്യമാക്കിയ ശേഷം സ്വാഭാവികമായി അവസാനിക്കയത്രേ ചെയ്തത്. നിത്യജീവന്റെ വചനം മുഴുവനും (യോഹ: 6:68) ഉല്ലേഖനം ചെയ്യപ്പെട്ട അവസ്ഥയിൽ മനുഷ്യരാശിക്കു മുഴുവനും ലഭിക്കണമെന്നുള്ളതായിരുന്നു അതിന്റെ ലക്ഷ്യം (മർക്കോ: 16: 15-20). ഈ വചനം ദൈവകൃപയുടെ സന്ദേശവും അതു സത്യവും ആകുന്നു. (യോഹ: 1:17), (2 തെസ്സ: 2:9-12). ഈ വചനത്തിൽ അടിയുറച്ചുള്ള നമ്മുടെ വിശ്വാസവും ഈ വചനത്തെ അടിസ്ഥാനമാക്കിയുള്ള നമ്മുടെ പ്രത്യാശയും പരസ്പരം സ്നേഹവും മാത്രം നിലനിൽക്കുന്നു (1കൊരി: 13:13). ഈ കൃപയുടെ വചനം ആദ്യമായി കേൾക്കുവാൻ മനുഷ്യർക്കു സാധിച്ചതു ഏകദേശം A. D 33-നു ശേഷമാണു (1 പത്രോ: 1: 10-12) (പ്രവൃ: 2: 14-47). ഉല്ലേഖനം ചെയ്യപ്പെട്ട നിലയിൽ ലഭിച്ചതു A.D. 96 നു ശേഷവുമാണു.

(മർക്കോ: 16: 19-20),

"ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു" (മത്താ: 16:4) അതുകൊണ്ട്, "നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ടു അധർമ്മം പ്രവർത്തിക്കുന്നവരുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ടു വീണു പോകാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ" (2 പത്രോ: 3:17). ക്രിസ്തുവിന്റെ വചനത്തിൽ

നിലനിന്നു ജീവിച്ചാൽ ഒരു വേള നിങ്ങൾ ഒരു കുഷ്ഠരോഗിയായി മരിക്കേണ്ടി വന്നാലും, കാലില്ലാത്തവനോ, കയ്യില്ലാത്തവനൊ ആയി മരിച്ചാലും, നിങ്ങൾ ഒരു ഭിക്ഷക്കാരനായി പട്ടിണി കിടന്നു മരിച്ചാലും നിങ്ങൾ നിത്യ രാജ്യത്തിന്ന് അവകാശികളാകും. അതിന് അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ആവശ്യമില്ല. ഒരാൾ ഏതു മതത്തിലായിരുന്നാലും, ഏതു സമുദായ വിഭാഗത്തിലായിരുന്നാലും, ഏതു രാഷ്ട്രീയ പാർട്ടിയിലായിരുന്നാലും വിശേഷാൽ ഒരു നിരീശ്വരവാദിയായിരുന്നാൽ തന്നെയും സ്നേഹവാനായ ദൈവം അവന്റെ ഹിതപ്രകാരം അവനെ മാരകമായ രോഗങ്ങളിൽ നിന്നും വൻദുരന്തങ്ങളിൽ നിന്നും കഷ്ടതകളിൽ നിന്നും അത്ഭുതകരമായി ചിലപ്പോൾ അവൻ രക്ഷിക്കാറുണ്ടു. ഈ അവസരത്തിൽ മിക്കവരും, ദൈവം എന്നെ അത്ഭുതകരമായി രക്ഷിച്ചു അതുകൊണ്ട് ദൈവം എന്നോടു കൂടെയുണ്ട് എന്നു മാത്രം പറഞ്ഞു തൃപ്തിപ്പെടാറുണ്ട്. എന്നാൽ അപ്രകാരം പറഞ്ഞതു കൊണ്ടു മാത്രം നമുക്കു രക്ഷ ലഭിക്കും എന്ന് ഉറപ്പിക്കുവാനാവില്ല.

എന്നാൽ ഇപ്രകാരം ദൈവം നമ്മെ രക്ഷപ്പെടുത്തിയ ആ സന്ദർഭം സത്യദൈവത്തെ അനുസരിച്ചു ജീവിക്കുവാൻ ദൈവം തന്നെ നമുക്കു ഒരുക്കിത്തന്ന ഒരു നല്ല അവസരമായി കണക്കാക്കി അപ്രകാരം ജീവിക്കുവാൻ നാം തയ്യാറാവണം. എന്നാൽ ആരാണ് സത്യദൈവം? "സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. ദൈവപുത്രൻ വന്നു എന്നും സത്യ ദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു: സത്യദൈവത്തിൽ അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ തന്നേ ആകുന്നു. അവൻ സത്യദൈവവും നിത്യ ജീവനും ആകുന്നു" ഇതിൽ നിന്നും യേശു ക്രിസ്തു തന്നേ സത്യദൈവം എന്നു നമുക്ക് വ്യക്തമായി മനസ്സിലാക്കാം.

അധർമ്മം പ്രവർത്തിക്കുന്നവരുടെ വ്യാജമായ അടയാളങ്ങളിലും അത്ഭുതങ്ങളിലും വിശ്വസിക്കാതെ രക്ഷിക്കപ്പെടുവാന്തക്കവണ്ണം അവന്റെ വചനത്തെ സ്നേഹിച്ചു കൈക്കൊള്ളുവാനും ആ വചനത്തിൽ നിലനിന്നു ജീവിക്കുവാനും ദൈവകൃപ ലഭിക്കുവാൻ ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ.

# പാപം, ആരംഭം, സ്വഭാവം, ഫലങ്ങൾ

ക്രിസ്തു യേശുവിൽ നിങ്ങൾക്കേവർക്കും വന്ദനം, ക്രിസ്തീയ വിശ്വാസത്തിന്റെ ഏററവും വിലയേറിയതും പ്രത്യേകതയുള്ളതുമായ ഒരു വിഷയമാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്. കാലാകാലങ്ങളായി ആധുനികതയുടെ മറ പിടിച്ചുകൊണ്ട് പലരും ക്രിസ്തീയ വിശ്വാസത്തിൽ അടങ്ങിയിരിക്കുന്ന ഈ യാഥാർത്ഥ്യത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്. മറെറാരു മത സംഹിതയും ഈ വിഷയത്തെ വ്യക്തമായി ചൂണ്ടിക്കാണിക്കുകയോ യുക്തിപരമായ നിവാരണ മാർഗ്ഗം നൽകുകയോ ചെയ്തിട്ടില്ല. ഈ വിഷയം എന്താണെന്ന് നിങ്ങൾ ഇപ്പോൾ ചിന്തിച്ചേക്കാം. ഇതു നമുക്കേവർക്കും സുപരിചിതമായ "പാപമാണ്." പാപം എന്നും പാപി എന്നും ഉള്ള വാക്കുകൾ സാധാരണ ഗതിയിൽ ഉപയോഗിക്കപ്പെടാറുള്ള വാക്കുകളാണെങ്കിലും അതിന്റെ ഉത്ഭവത്തെക്കുറിച്ചോ സ്വഭാവത്തെക്കുറിച്ചോ അനന്തര ഫലങ്ങളെക്കുറിച്ചോ വ്യക്തമായ ധാരണ പലർക്കും ഇല്ലെന്നുള്ളതാണ് സത്യം. ഞാൻ മുൻപു പറഞ്ഞതുപോലെ കഴിഞ്ഞ നൂററാണ്ടുകളിൽ പാപബോധത്തെപ്പററി പ്രശസ്തമായ പല മനഃശാസ്ത്രജ്ഞന്മാരും തെററായ ധാരണ അതായത് വേദ പുസ്തകത്തിനു വിപരീതമായ ധാരണ നൽകുവാൻ ശ്രമിച്ചിട്ടുണ്ട്. അവരുടെ ശ്രമം ഏറെക്കുറെ വിജയിച്ചു എങ്കിലും അതിന്റെ ദൂരവ്യാപകമായ ഭവിഷ്യത്തുകൾ സാംസ്കാരികവും വിദ്യാഭ്യാസപരവുമായി വളരെ ഉയർന്ന പല സമൂഹങ്ങളിലും ഇന്ന് അനുഭവിച്ചു കൊണ്ടാണിരിക്കുന്നത്. പാപത്തെയും കുററബോധത്തെയും മായിച്ചു കളവാൻ മനുഷ്യൻ കണ്ടെത്തിയ ഉപാധികളെല്ലാം അവന്റെ നിരാശക്കു മാത്രമേ വക നൽകിയിട്ടുള്ളു.

എന്നാൽ വേദ പുസ്തകം പാപത്തെപ്പററി പറഞ്ഞിരിക്കുന്ന ചില ലളിതമായ ഭാഗങ്ങൾ നമുക്കു നോക്കാം. ഉദാഹരണമായി യാക്കോബിന്റെ ലേഖനം 1—ാം അദ്ധ്യായം പതിനാലും പതിനഞ്ചും വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തം മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു." ഇവിടെ പ്രസവിക്കുക എന്നു പറഞ്ഞിരിക്കുന്നത് പാപത്തെ ഉത്ഭവിപ്പിക്കുക

അല്ലെങ്കിൽ രൂപം കൊടുക്കുക എന്ന അർത്ഥത്തിലാണ്. ജഢ പ്രകാരമുള്ള ഒരു പ്രസവമല്ല. പാപമെന്നത് ദൈവീക വ്യവസ്ഥിതിക്ക് എതിരെയുള്ള മറുതലിപ്പാണ്. ലോകത്തിലേക്കും വെച്ച് ഏററവും ഭയാനകമായ ഒരു വസ്തുതയത്രേ ഇത്. ദുഃഖത്തിന്റെയും കഷ്ടപ്പാടിന്റെയും മരണത്തിന്റെയും ഉത്ഭവമാണിത്. അറിവില്ലായ്മ കൊണ്ട് ഉണ്ടാകുന്ന പാപങ്ങൾ ഉണ്ട്, ശ്രദ്ധക്കുറവിനാൽ ഉണ്ടാകുന്ന പാപങ്ങൾ ഉണ്ട്. ബലഹീനത കൊണ്ട് ഉണ്ടാകുന്ന പാപങ്ങൾ ഉണ്ട്. ഉന്നത ഭാവം കൊണ്ട് ഉണ്ടാകുന്ന പാപങ്ങൾ ഉണ്ട്. ഇപ്രകാരം പല രീതിയിലും പല വശങ്ങളിലും കൂടി നാം പാപത്തിന് അടിമപ്പെടാനുള്ള സാദ്ധ്യത ഉള്ളതു കൊണ്ടാണ് സ്വർഗ്ഗസ്ഥനായ ദൈവം ലോകാരംഭത്തിനു മുൻപു തന്നെ ദൈവീക നീതിക്കു നിരക്കത്തക്കവണ്ണം അതിനു തക്കതായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു തന്നിട്ടുള്ളത്. പഴയ നിയമ കാലയളവിൽ ദൈവപുത്രനായ ക്രിസ്തു യേശുവിന്റെ ക്രൂശിൽ യാഗത്തെ മുൻ കണ്ടു കൊണ്ട് പാപ മോചനത്തിനായി മൃഗയാഗങ്ങൾ അർപ്പിക്കുവാൻ ദൈവം കല്പിച്ചു എങ്കിൽ കാല സമ്പൂർണ്ണതയിങ്കൽ യേശു ക്രിസ്തുവിന്റെ ജനനം, മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷമുള്ള പുതിയ നിയമ കാലയളവിൽ പാപമോചനത്തിനായി യേശു ക്രിസ്തു തന്റെ അപ്പോസ്തലന്മാരിൽ കൂടി നൽകിയ കല്പനകൾ ഹൃദയപൂർവ്വം അനുസരിക്കുവാൻ പറഞ്ഞിരിക്കുന്നു. പഴയ നിയമത്തിൽ കൂടിയും പുതിയ നിയമത്തിൽ കൂടിയും പാപത്തെയും അതിന്റെ അനന്തര ഫലങ്ങളെയും അതിജീവിക്കുവാനുള്ള മനുഷ്യന്റെ കഴിവില്ലായ്മ ദൈവം നമുക്ക് മനസ്സിലാക്കിത്തരുന്നു. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാതായിത്തീർന്ന അവസ്ഥയിൽ തങ്ങളുടെ സൃഷ്ടാവായ ദൈവത്തിങ്കലേക്കു നോക്കി അവന്റെ സഹായം നേടിക്കൊണ്ട് ഈ ലോകത്തിൽ സന്തോഷവും സമാധാനവും ഉള്ള ജീവിതം നയിക്കുവാനാണ് ദൈവം നമ്മെ ഓരോരുത്തരെയും കുറിച്ച് ആഗ്രഹിക്കുന്നത്.

ഏത് അനീതിയും പാപമാണെന്നും; പാപം ചെയ്യുന്നവൻ എല്ലാം അധർമ്മം അഥവാ ദൈവ കല്പന ലംഘിക്കുന്നു എന്നും വേദ പുസ്തകം നമ്മെ പഠിപ്പിക്കുന്നു. അതുപോലെ തന്നെ തെററാണെന്നു നാം വിശ്വസിക്കുന്ന ഒരു കാര്യം പര പ്രേരണയാലോ അല്ലാതെയോ നാം ചെയ്യുകയാണെങ്കിൽ അത് പാപമാണെന്നു പറഞ്ഞിരിക്കുന്നു റോമർക്കെഴുതിയ ലേഖനം 14-ാം അദ്ധ്യായം 23-ാം വാക്യത്തിൽ ഭക്ഷണ കാര്യങ്ങളെക്കുറിച്ചു പറയുമ്പോൾ അപ്പോസ്തലനായ പൗലോസ് ഇപ്രകാരം പറയുന്നു. "എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അത് വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കായ്കകൊണ്ട് അവൻ കുററക്കാരനായിരിക്കുന്നു. വിശ്വാസത്തിൽ

നിന്നും ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ'' ഇതെന്തുകൊണ്ടാണ് എന്ന് നിങ്ങൾ ചിലപ്പോൾ ചിന്തിച്ചേക്കാം. തന്റെ സ്വന്ത മനഃസാക്ഷിക്കു വിരുദ്ധമായി ഒരുവൻ ഒരു പ്രവൃത്തി ചെയ്യുമ്പോൾ ആ പ്രവൃത്തി, സ്വയമേ ശരിയാണെങ്കിൽ തന്നെ-തെററാണ് എന്നുള്ള വിശ്വാസത്തിൽ ചെയ്യുന്നതിനാൽ സത്യത്തിനെതിരെ പ്രവർത്തിക്കുവാനായി അവന്റെ മനസ്സിനെ കഠിനപ്പെടുത്തുന്ന ഒരു പ്രവണതയിലേക്കാണ് അവനെ നയിക്കുന്നത്. അപ്പോസ്തലൻ പറഞ്ഞിരിക്കുന്ന ഈ സത്യം സാമാന്യബുദ്ധി ഉപയോഗിച്ച് നാം ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. കാരണം പിന്നീടൊരവസരത്തിൽ ശരിക്കും തെററായ ഒരു പ്രവർത്തി ചെയ്യുമ്പോഴും തന്റെ മനഃസാക്ഷിയുടെ എതിർപ്പിനെ അവഗണിക്കുവാൻ മുൻ പറഞ്ഞ വ്യക്തിക്ക് എളുപ്പമാണ്. അതുകൊണ്ടാണ് അപ്പോസ്തലൻ പറഞ്ഞത്. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമാണെന്ന്.

അപ്പോൾ പിന്നെ പാപം ചെയ്യാതെ ജീവിക്കുവാൻ നമ്മെക്കൊണ്ട് എപ്രകാരം സാധിക്കും? ഈ ചോദ്യത്തിന് ശരിയായ ഒരു ഉത്തരം കണ്ടെത്തി എങ്കിൽ മാത്രമേ ഈ ഭൂമിയിൽ മനുഷ്യർക്ക് ശാന്തിയും സമാധാനവും കണ്ടെത്തുവാൻ സാധിക്കു: ഈ ചോദ്യത്തിനുത്തരം കണ്ടെത്തുവാനായി പുതിയ നിയമത്തിലെ ഒരു പുസ്തകത്തിൽ നിന്നു തന്നെ രണ്ടു വാക്യങ്ങൾ നിങ്ങളുടെ മുൻപിൽ വെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി 1 യോഹന്നാൻ 1-ാം അദ്ധ്യായം 8-ാം വാക്യം ''നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി'' അടുത്ത വാക്യം 1 യോഹന്നാൻ 3-ാം അദ്ധ്യായം 6-ാം വാക്യം. ''അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല അറിഞ്ഞിട്ടുമില്ല'' നാം ഇപ്പോൾ വായിച്ച ഈ രണ്ടു വേദഭാഗങ്ങളിൽ ഒന്നാമത്തേതിൽ അപ്പോസ്തലനായ യോഹന്നാൻ താൻ ഉൾപ്പെടെയുള്ള വിശുദ്ധന്മാരെപ്പററി സംസാരിക്കുമ്പോൾ അവരിലെല്ലാം പാപം ഉണ്ട് എന്ന സത്യം തുറന്ന് സമ്മതിക്കുന്നു. അപ്രകാരം സമ്മതിക്കാത്തവൻ സ്വയം വഞ്ചിക്കയാണെന്നും അപ്പോസ്തോലൻ ഊന്നിപ്പറയുന്നു. എങ്കിൽപ്പിന്നെ അതേ പുസ്തകം 3.ാം അദ്ധ്യായം 6-ാം വാക്യത്തിൽ ദൈവത്തിൽ വസിക്കുന്നവൻ പാപം ചെയ്യുന്നില്ല എന്നു പറവാനുള്ള കാരണം എന്താണ്? ഈ വാക്യങ്ങൾ പരസ്പര വിരുദ്ധമാണോ? തീർച്ചയായും അല്ല. 1ാം അദ്ധ്യായത്തിന്റെ അവസാനത്തിലും രണ്ടാം അദ്ധ്യായത്തിലും പറഞ്ഞിരിക്കുന്ന വസ്തുതകൾ വായിച്ചു ഗ്രഹിച്ചാൽ നാം മുൻപു കണ്ട രണ്ടു വാക്യങ്ങളെക്കുറിച്ചുള്ള സംശയം മാററപ്പെടുന്നതാണ്. അതായത്, ക്രിസ്ത്യാനി ആയതു കൊണ്ട് ഒരുവൻ പാപം ചെയ്യാതിരിക്കുന്നില്ല.

ജഡത്തിൽ ജീവിച്ചിരിക്കുന്നടത്തോളം കാലം അറിഞ്ഞോ അറിയാതെയോ തെററുകൾ ചെയ്യുവാൻ സാദ്ധ്യതയുള്ള വ്യക്തികൾ ആണ് നാം ഓരോരുത്തരും. എന്നാൽ ക്രിസ്തുവിൽ ആയിത്തീർന്ന ഒരു വ്യക്തിയെ സംബന്ധിച്ച് ഇതൊരു പ്രശ്നമല്ല എന്ന് അവൻ ചൂണ്ടിക്കാണിക്കുന്നു. കാരണം ക്രിസ്ത്യാനി ദൈവവചന പ്രകാരം ജീവിക്കുവാൻആത്മാർത്ഥമായി തീരുമാനമെടുത്ത വ്യക്തിയാണ് ഒററപ്പെട്ട പാപ പ്രവർത്തികൾ അവന്റെ ജീവിതത്തിൽ ഉണ്ടാകാമെങ്കിലും അനുതാപ ഹൃദയത്തോടെ ദൈവ മുൻപാകെ അത് ഏററു പറയുവാൻ മനഃസ്ഥിതി കാണിക്കുന്നിടത്തോളം കാലം ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയിൽ കൂടി തുടർച്ചയായി അവന്റെ പാപങ്ങൾ മോചിക്കപ്പെട്ടു കൊണ്ട് ഇരിക്കുന്നു ഇപ്രകാരം ക്രിസ്തുവിൽ വസിക്കുന്നവൻ പാപരഹിതനായിത്തീരുന്നു. ഇതാണ് അപ്പോസ്തലൻ രണ്ടാമതു പറഞ്ഞ വാക്യത്തിന്റെ സാരം "അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല അറിഞ്ഞിട്ടുമില്ല" അനുതാപം ഇല്ലാത്ത ഹൃദയത്തോടുകൂടി തുടർച്ചയായി പാപ പ്രവർത്തികൾ ചെയ്തു ഹൃദയം കഠിനപ്പെടുത്തി ജീവിക്കുന്നവരെയാണ് ഈ വേദഭാഗത്തിൽ ദൈവത്തെ അറിയാത്തവനായി അഥവാ കണ്ടിട്ടില്ലാത്തനായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

നമ്മുടെ മാനസികാവസ്ഥയിലും, ശാരീരികമായും ചെയ്യുന്ന പാപങ്ങൾ ഉണ്ട്, എന്നാൽ യേശുക്രിസ്തു ഇവ രണ്ടും അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുകയാണെന്നു നമ്മെ പഠിപ്പിച്ചിരിക്കുന്നു. ശ്രദ്ധിക്കുക. "കൊലചെയ്യരുത് എന്നും ആരെങ്കിലും കൊലചെയ്താൽ ന്യായവിധിക്കു യോഗ്യനാകും. എന്നു പൂർവ്വന്മാരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു; സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും, സഹോദരനോട് നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും: മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിനുയോഗ്യനാകും. വീണ്ടും ശ്രദ്ധിക്കുക "വ്യഭിചാരം ചെയ്യരുതെന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ ഞാനോ നിങ്ങളോടു പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോടു് വ്യഭിചാരം ചെയ്തുപോയി" ചുരുക്കത്തിൽ ശാരീരികമായ പ്രവർത്തികൾ എല്ലാം തന്നെ വളരെ അപൂർവ്വം സന്ദർഭങ്ങൾ ഒഴിച്ച്, മാനസികമായ അവസ്ഥയുടെ പ്രതിഫലനങ്ങൾ ആണെന്നാണ് യേശുക്രിസ്തു ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അപൂർവ്വ സന്ദർഭങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് പെട്ടെന്ന് പ്രകോപിക്കപ്പെട്ട് ചിന്തിക്കാതെ ചെയ്യുന്ന ചില പ്രവർത്തികളെ ഉദ്ദേശിച്ചാണ്.

പാപത്തിന്റെ ഉത്ഭവവും സ്വഭാവവുമാണ് നാം ഇതുവരെ പഠിച്ചുകൊണ്ടിരുന്നത്. ആദിമനുഷ്യനാൽ ലോകത്തിൽ പാപം വന്നനാൾമുതൽ മനുഷ്യർ ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം ഈ പ്രക്രിയ തുടർന്ന് കൊണ്ടിരിക്കും. നന്മ തിന്മകളെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നൽകിയതിന്റെ ഫലമാണ് ഇതെന്ന് നമുക്ക് പറയാം. ഉൽപ്പത്തി പുസ്തകം മൂന്നാം അദ്ധ്യായത്തിൽ നിന്നും മനുഷ്യനെ ആദ്യമായി പാപം ചെയ്യുവാൻ പ്രേരിപ്പിച്ചത്, സാത്താനാണെന്ന് നാം കാണുന്നുണ്ടെങ്കിലും അനുസരിക്കാനോ അനുസരിക്കാതിരിപ്പാനോ ഉള്ള സ്വാതന്ത്ര്യ ബുദ്ധി മനുഷ്യനു നൽകിയിരുന്നതിനാൽ പാപം ചെയ്തതിന്റെ ഉത്തരവാദിത്വം മനുഷ്യനിൽ തന്നെ വീണതായി നാം കാണുന്നു. ഈ ഉത്തരവാദിത്വം ഉള്ളതുകൊണ്ടാണ് ശിശുക്കൾക്കും, ജന്മനാ ശക്തി ഏതെങ്കിലും കാരണത്താൽ ഇല്ലാത്തവർക്കും പാപം ഇല്ലാ എന്നു പറയാൻ കാരണം. പാപത്തിന്റെ ഫലങ്ങൾ തലമുറയായി (ഉദാ: മരണം) അനുഭവിക്കേണ്ടിവരുമെങ്കിലും പാപം ചെയ്തതിന്റെ കുററം അവനവന്റെ മേൽ തന്നെയാണ്. ഈ വിഷയത്തെപ്പററി കൂടുതലായി അറിയേണ്ടവർ യെഹസ്ക്കേൽ 18.ാം അദ്ധ്യായം ശ്രദ്ധിക്കുക. ജന്മപാപം എന്ന സാമുദായിക ദുരുപദേശം വേദപുസ്തക സത്യങ്ങൾക്ക് എതിരാണ്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെയുള്ള പാപത്തിന്റെ മൂലകമായ പ്രേരണാശക്തികൾ ദൈവത്തിൽ നിന്നല്ല, മറിച്ച് പിശാചിൽ നിന്നുമാണ് ഉത്ഭവിക്കുന്നതെന്ന് തിരുവചനം നമ്മെപഠിപ്പിക്കുന്നു.

അവസാനമായി പാപത്തിന്റെ ഫലങ്ങൾ ദൈവത്തിൽ നിന്നുമുള്ള അകൽച്ചയും മരണവുമാണെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു (യെശയ്യാവ് 59: 1,2; യെഹസ്ക്കേൽ 18:4). പുതിയനിയമത്തിൽ പാപത്തിന്റെ ശമ്പളം മരണമാണെന്ന് അപ്പോസ്തലനായ പൗലൂസ് പറഞ്ഞിരിക്കുന്നു. വ്യക്തിപരമായി നമ്മെ ഓരോരുത്തരെയും ബാധിക്കുന്ന ഈ പ്രശ്നത്തെക്കുറിച്ച് യാഥാർത്ഥ്യ ബോധത്തോടുകൂടി ദൈവവചനത്തിന്റെ വെളിച്ചത്തിൽ നാം ചിന്തിക്കേണ്ടതാണ്. അപ്പോൾ യേശുക്രിസ്തുവിൽ കൂടി നൽകിയിരിക്കുന്ന നിവാരണ മാർഗ്ഗങ്ങൾ നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുകയും അപ്രകാരം നിങ്ങളുടെ ജീവിതത്തിൽ ശാന്തിയും സമാധാനവും കൈവരിക്കുവാൻ സാധിക്കുകയും ചെയ്യും. യേശുക്രിസ്തുവിന്റെ കരുണക്കായി കാത്തിരുന്നുകൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവാൻ ദൈവം നിങ്ങൾക്ക് ഓരോരുത്തർക്കും ഇടവരുത്തുമാറാകട്ടെ.

# കുടുംബപ്രശ്നങ്ങളും പരിഹാരവും

പ്രിയ ബൈബിൾ ട്രൂത്ത് ഭാരവാഹികൾക്ക്,

ഞാൻ 18 വയസ്സായ ഒരു കോളേജ് വിദ്യാർത്ഥിനിയാണ്. എനിക്കു മാതാപിതാക്കളും ഒരു സഹോദരനുമുണ്ട്. ഞാനും എന്റെ സഹോദരനും ബാല്യം മുതൽ ബോർഡിങ്ങിൽ താമസിച്ചാണ് പഠിച്ചുവരുന്നതു. ഇപ്പോഴും ഞങ്ങൾ അതു തുടരുന്നു. എന്റെ പ്രശ്നം എന്റെ സഹോദരന്റെയും പ്രശ്നമാണ്. ഞങ്ങളുടെ അപ്പൻ ഒരു രാജ്യത്ത് അമ്മ മറ്റൊരു രാജ്യത്ത്. ഇവർ തമ്മിൽ ആശയ വിനിമയം നടത്തുന്നതോ ഒരുമിച്ച് ഞങ്ങളെ കാണാൻ വരുന്നതോ ഞങ്ങൾക്കു സ്വപ്നം മാത്രം. അവർ രണ്ടുപേരും ഞങ്ങൾക്കുവേണ്ടി പണം സമ്പാദിക്കുന്നു എന്നതാണ് പൊതുവിലുള്ള അഭിപ്രായം. അതു ശരിയുമാണ്. കാരണം പണത്തിന്റെ പേരിൽ ഇന്നുവരെ ഞങ്ങൾ ബുദ്ധിമുട്ടിയിട്ടില്ല. അപ്പന്റെയോ അമ്മയുടേയോ സ്നേഹമോ ബന്ധമോ അനുഭവിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇനി ഒഴിവു ദിവസങ്ങളിൽ ഞങ്ങളുടെ ബന്ധുക്കളുടെ വീടുകളിൽ പോകാറുണ്ട്. അവിടെ ഞങ്ങൾക്ക് പുറമെ നല്ല സ്വീകരണമാണ്. പണത്തിന്റെ മഹിമയെ ഇഷ്ടപ്പെടുന്ന അവർ ബാഹ്യമായ സ്നേഹപ്രകടനങ്ങൾ പ്രദർശിപ്പിക്കുന്നതിലുപരി മറ്റൊന്നും അവരിൽ ഉള്ളതായി ഞാൻ കാണുന്നില്ല.

ഞാൻ മാനസികമായി തളരുന്നത് എന്റെ ഭാവിയെ കുറിച്ച് വിചാരിക്കുമ്പോഴാണ്. ഒരു കുടുംബ ജീവിതം നയിക്കാൻ എനിക്കെങ്ങനെ സാധിക്കും? എന്റെ സഹോദരനും അതു പ്രയാസകരമായിരിക്കും. ശാരീരികവും മാനസികവുമായി ഞങ്ങൾ ദ്രവിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ള കുട്ടികളെ അവരുടെ രക്ഷകർത്താക്കൾ ഒരുമിച്ച് വന്ന് കാണുന്നു, കൊണ്ടുപോകുന്നു. വീട്ടിൽ ഒത്തൊരുമിച്ച് കുറെ നാളുകളെങ്കിലും കഴിയുവാൻ അവർക്കു ഭാഗ്യമുണ്ട്. ഞങ്ങൾക്കോ അതില്ല. ഇതൊരു ജീവിതമാണോ സാർ? ഞങ്ങൾ എന്തുചെയ്യണം? ആത്മീയമായ കാര്യങ്ങളാണ് അധികവും ഞങ്ങൾ ബൈബിൾ ട്രൂത്തിൽ നിന്നും വായിക്കുന്നതു. എന്നിരുന്നാലും താങ്കളുടെ വിലയേറിയ അഭിപ്രായവും നിർദ്ദേശവും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. ഇതിന് എന്തെങ്കിലും ഒരു പരിഹാരമുണ്ടാകുമോ?

എന്ന്

ഒരു വിദ്യാർത്ഥിനി

പരിഹാരം

പ്രിയ സഹോദരി,

നിങ്ങളുടെ രണ്ടു പേരുടേയും ദുഃഖം ഞാൻ മനസിലാക്കുന്നു. അപ്പന്റേയും അമ്മയുടേയും സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന കുട്ടികൾ നിരവധിയുണ്ട്. ഇതുപോലെയുള്ള ധാരാളം കത്തുകൾ ഇവിടെ കിട്ടുന്നുണ്ട്. യഥാർത്ഥ സ്നേഹം, കുട്ടികൾ ആശ്രയിക്കുന്ന സ്വന്തം അപ്പനിൽ നിന്നും അമ്മയിൽനിന്നും വേണം അവർക്കുലഭിക്കുവാൻ. ചില ഭാര്യാ ഭർത്താക്കന്മാരുടെ കുടുംബ ജീവിതത്തിലെ ഛിദ്രത അവരുടെ മക്കളുടെ ഭാവി ഇല്ലാതാക്കും. മാതാപിതാക്കളുടെ ഉത്തരവാദിത്വത്തിൽ പെടുന്ന ഒന്നാണ്, ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിക്ക എന്നുള്ളത്. കുട്ടികൾ തങ്ങളുടെ അപ്പനമ്മമാരിൽ നിന്നാണ് മാതൃക കണ്ടു പഠിക്കുന്നത്. ജീവിതത്തിന്റെ ആദ്യ പാഠങ്ങൾ അവർക്ക് ലഭിക്കുന്നതു സ്വഭവനത്തിൽ നിന്നാണെന്നർത്ഥം.

അതുകൊണ്ട് കുട്ടികളെ എവിടെയെങ്കിലും ഒരു സുരക്ഷിത വലയത്തിൽ കൊണ്ടു വിട്ടിട്ട് അവർക്ക് ആവശ്യമായ പണമോ മററു വസ്തുക്കളോ അയച്ചു കൊടുത്താൽ മതി എന്നതു വലിയ ഒരപരാധമാണ്. കുട്ടികളുടെ മാനസിക വളർച്ചക്കു അവർക്ക് പൂർണ്ണമായി കണ്ട് ആശ്രയിക്കാവുന്നവർ തങ്ങളുടെ സ്വന്ത രക്ഷകർത്താക്കളാണ്. അതിനുപകരം മറെറാന്നില്ല. ഭാര്യയും ഭർത്താവും തമ്മിലുള്ള പ്രശ്നങ്ങൾ എന്തു തന്നെയായാലും അതു പരസ്പരം പറഞ്ഞുതീർത്തു നിങ്ങളുടെ കുഞ്ഞുങ്ങളെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ ഒരുമിച്ച് അവരെ ചെന്നു കാണുകയും അവരുമായി സമയം ചെലവിടുകയും ചെയ്യുക. അവരുമായി ആശയ വിനിമയം നടത്തുക. അവരുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേററാൻ നിങ്ങൾ ഒരുമിച്ചു ശ്രമിക്കുന്നു എന്ന തോന്നൽ അവരിൽ വളർത്തുക. അവർ തള്ളപ്പെട്ടവരാണ് എന്ന ബോധം ജനിപ്പിക്കരുത്. നിങ്ങളുടെ സ്വഭാവങ്ങൾ അവർക്കുപിൻപററുവാൻ സഹായകരമായിരിക്കണം. അവരുടെനന്മക്കു നിങ്ങളിൽ ചില വിട്ടുവീഴ്ചകൾ ആവശ്യമാണ്.

കുട്ടികളെ ക്രിസ്തുവിന്റെ പത്ഥ്യോപദേശത്തിൽ വളർത്തുക. ദൈവത്തിന്റെ ചിറകിൻ കീഴിൽ അവർ സുരക്ഷിതരാണെന്ന് ഉറപ്പു വരുത്തുക. അവരുടെ ആത്മിക ജീവിതത്തെ കുറിച്ച് നിങ്ങൾ ബോധവാന്മാരാകണം. അവരുടെ ജീവിതത്തിന്റെ ഉദ്ദേശം ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപ്പനകളെ അനുസരിക്കുക എന്നതാണ്. പക്ഷേ അവരെ അതു പഠിപ്പിക്കേണ്ടതു കുടുംബനാഥനാണ്. തിരുവചനം വായിച്ച് പഠിച്ച് തെററുകൾ തിരുത്തുവാനും പോരായ്മകൾ നികത്തുവാനും തദ്വാരാ അവർ വളരുവാനും നിങ്ങൾ അവരെ സഹായിക്കണം. ഇല്ലെങ്കിൽ അവർ അവരുടെ കൂട്ടു

കെട്ട് തെരഞ്ഞെടുക്കുന്നതിൽ പാകപ്പിഴകൾ സംഭവിക്കും. അങ്ങനെ അവർ നശിച്ചുപോകുവാൻ ഇടയാകും. പ്രാർത്ഥനാ നിരതമായ ജീവിതം മനഃശാന്തിക്കു പററിയ ആത്മീയ ഔഷധമാണ്. അത് ശരീരാഭ്യാസം പോലെയാണ്. മനഃസാക്ഷിയെ നിർമ്മലമാക്കി സൂക്ഷിക്കുവാൻ അതു കൂടിയേതീരൂ. അവർ ദൈവത്തെ അനുസരിക്കുവാൻ അവർക്കു നല്ല മാതൃക കാണിച്ചു കൊടുക്കണം. കുഞ്ഞുങ്ങളേ നിങ്ങൾ മനുഷ്യബന്ധങ്ങളിൽ പൂർണ്ണമായ ആശ്രയം വെക്കരുത്. ദൈവിക ബന്ധത്തിൽ നിങ്ങളുടെ ജീവിതത്തിന് അടിസ്ഥാനമിടുക. അവിടെ നിങ്ങൾ ഉറപ്പുള്ളവരും ഇളകാത്തവരും ആകുക.

നിങ്ങളെ സ്നേഹിക്കുന്ന യേശുക്രിസ്തുവിൽ കൂടെയുള്ള ദൈവിക ബന്ധം, ഒരു പിതാവ് തന്റെ കുട്ടികളോടു കാണിക്കുന്നതിനേക്കാൾ ആഴമേറിയതാണ്; നിത്യമാണ്. നിങ്ങൾ അവന്റെ വചനത്തിൽ നിലനിന്നാൽ ഒരിക്കലും ഏകാന്തരല്ല. നിങ്ങൾ കൂട്ടായ്മയുള്ളവരായി മാറുന്നു. കുടുംബ ജീവിതം നയിക്കുവാനുള്ള മാർഗ്ഗരേഖ അവൻ വചനത്തിലൂടെ നിങ്ങൾക്കു കാണിച്ചു തന്നിരിക്കുന്നു. നിങ്ങൾ ക്രിസ്തുവിനെ അടിസ്ഥാനമാക്കി ഒരു യഥാർത്ഥ ക്രിസ്തീയ കുടുംബ ജീവിതം നയിച്ച് മാതൃകയില്ലാതെ ജീവിക്കുന്ന നിങ്ങളുടെ മാതാപിതാക്കളെ ലജ്ജിപ്പിക്കുക. അങ്ങനെ ഒരു പക്ഷേ അവർ ശരിയായി വരും. കുഞ്ഞുങ്ങളേ ദൈവം നിങ്ങളെ ഒരിക്കലും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. നിങ്ങൾ അവനെ സ്നേഹിക്കുന്നുവെങ്കിൽ അവന്റെ ഇഷ്ടമനുസരിച്ച് ആത്മാക്കളുടെ രക്ഷക്കായി പ്രവർത്തിക്കുക. ബാക്കിഎല്ലാ കാര്യങ്ങളും ദൈവം നിറവേററിത്തരും. ദൈവം നിങ്ങളെ ശക്തീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

# സഭകളും സഭാദ്ധ്യക്ഷന്മാരും

**ജെ. ഫ്രാൻസിസ്**

XIII ആത്മനിയന്ത്രണം വർദ്ധിപ്പിക്കുന്നതിന് (2 പത്രോ:1:6)

1) മൂന്നുകാര്യങ്ങളിൽ ആത്മനിയന്ത്രണങ്ങൾ വേണം.

a) കൂടുതൽ ഭക്ഷിക്കുന്നത് (ഉല്പ:3:6; സ:പ്ര:10:16,17)

b) കൂടുതൽ കുടിക്കുന്നത് (സ:വാ:23:21; 1 കൊരി:6;10)

c) പാപം ചിന്തിക്കുന്നത്. (മത്താ:5:27;റോമ:1:21–31)

2) ആത്മനിയന്ത്രണം പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നാകുന്നു (ഗലാ:5:22,23)

XIV നാം ക്ഷമ വർദ്ധിപ്പിക്കേണ്ടതാകുന്നു (2 തിമൊ:1:6)

1) നാം ക്ഷമയിൽ നമ്മുടെ ആത്മാവുകളെ നേടേണ്ടതാണ്. (ലൂക്കൊ 21:19)

2) ക്ലേശം ക്ഷമയിൽ പ്രശംസിക്കപ്പെടുന്നു. (റോമ:5:3)

3) ക്രിസ്തീയ ഓട്ടം ക്ഷമയോടുകൂടി നാം ഓടേണം. (എബ്രാ:12:1)

4) ക്ഷമ പൂർണ്ണതയിലേക്കു നയിക്കുന്നു. (യാക്കോ:1:4)

XV ദൈവസ്വഭാവങ്ങൾ വർദ്ധിപ്പിക്കേണ്ടതാകുന്നു (2പത്രോ:1:6)

1) രണ്ടുലോകത്തിൻെറ വാഗ്ദാനങ്ങൾ ദൈവികമായി ഉണ്ട് (1 തിമൊ:4:8)

2) ദൈവിക സ്വഭാവങ്ങൾ കാലക്രമേണയുള്ള വളർച്ചയാകുന്നു. (2 കൊരി:3:18)

XVI സഹോദരപ്രീതി നാം വളർത്തേണ്ടതാകുന്നു. (2 പത്രോ:1:7)

1) സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ (റോമ:12:10)

2) പ്രീതി ക്രിസ്ത്യാനിയുടെ വസ്ത്രത്തിൻെറ ഒരു ഭാഗമാകുന്നു (കൊലൊ:3:12)

XVII സ്നേഹം വർദ്ധിപ്പിക്കേണ്ടതാകുന്നു. (2 പത്രോ:1:7)

1) നാം താഴെപറയുന്നവരെ സ്നേഹിക്കേണ്ടതാകുന്നു.

a) ദൈവം (മത്താ:22:27)

b) ക്രിസ്തു (എഫേ:6:24)

c) അയൽവാസിയെ (കൊലൊ:5:14)

d) തമ്മിൽ തമ്മിൽ (യോഹ:15:12)

e) നമ്മുടെ ശത്രുക്കളെ (മത്താ:5:44)

f) സഹോദരവർഗ്ഗത്തെ (1 പത്രോ:2:17)

2) ഇവയെല്ലാം നാം വർദ്ധിപ്പിക്കുമെങ്കിൽ നാം നമ്മുടെ പിതാവിൻെറ വീട്ടിലെത്തുന്നു.

a) അവ നമുക്കു നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നൽകുന്നു. (2 പത്രോ:1:8-11)

b) ഈ കാര്യങ്ങൾ പ്രവർത്തിക്കുന്നുവെങ്കിൽ നാം ഒരിക്കലും തോല്ക്കുന്നില്ല (2 പത്രോ:1:10)

c) രക്ഷക്കുവേണ്ടി നാം ഭയത്തോടും വിറയലോടും പ്രവർത്തിക്കേണ്ടതാകുന്നു (ഫിലി:2:12)

d) നാം രക്ഷിക്കപ്പെടുന്നതിനു ഇതിൽ ഒന്നു ചെയ്താൽ പോരാ. എല്ലാ കാര്യങ്ങളും നാം അനുസരിക്കണം.

e) വിശ്വാസവും പ്രവൃത്തിയും അനുഗ്രഹവും നമ്മെ രക്ഷിക്കുന്നു. (എബ്രാ:11:6;യാക്കോ:2:24; എഫേ:2:8)

ഈ ലേഖനത്തിനു L, G. Tomlinson എഴുതിയ Churches of Today എന്ന ഗ്രന്ഥത്തോടു കടപ്പാട് ഉണ്ട്. (അവസാനിച്ചു)

# ഇവരെ സൂക്ഷിക്കുക

തിരുവെഴുത്തുകൾ സത്യമാണ്; അതു ദൈവം മനുഷ്യരുടെ ജീവിതം ക്രമപ്പെടുത്തുവാനും രക്ഷിക്കുവാനുമായി നല്കപ്പെട്ടിരിക്കുന്നു. ബൈബിളിൽ ധാരാളം മുന്നറിയിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ നാം സുസൂക്ഷ്മമായി മനസിലാക്കിയില്ലെങ്കിൽ അബദ്ധത്തിൽ ചാടുവാൻ ഇടയാകും. പരീശന്മാരുടെ പുളിച്ചമാവ് സൂക്ഷിച്ചുകൊൾക എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞപ്പോൾ ആദ്യം അവർക്കത് പിടികിട്ടിയില്ല. പരീശന്മാരുടെ ഉപദേശത്തെയാണ് സൂക്ഷിക്കുവാൻ പറഞ്ഞതെന്ന് പിന്നീട് അവർ ഗ്രഹിച്ചു(മർക്കൊ 8:15). ബൈബിൾ അഥവാ വേദപുസ്തകം എടുത്തുകൊണ്ട് നിരവധിപേർ സമൂഹത്തിൽ നടക്കുന്നുണ്ട്. തന്ത്രപരമായി ആളുകളെ പലവിധത്തിൽ വശീകരിക്കുന്ന ആളുകൾ പലരുണ്ട്. ദൈവവചനത്തെ വ്യത്യസ്തമായ സന്ദർഭങ്ങളിൽ നിന്ന് അടർത്തിയെടുത്ത് അവരുടെ ഉപദേശങ്ങളെ സ്ഥാപിക്കുവാൻ നടക്കുന്നവരുണ്ട്. ആത്മാക്കളുടെ രക്ഷയേക്കാൾ അവരുടെ സംഘടനയുടെ വളർച്ചയെ ലക്ഷ്യമാക്കുന്നവരും ധാരാളമുണ്ട്. അവസാന കാലയളവിൽ ഇതെല്ലാം സംഭവിക്കേണ്ടതു തന്നെയാണ്. പക്ഷേ നാം ശ്രദ്ധിച്ചില്ലെങ്കിൽ ശത്രുവിന് അവസരം കൊടുക്കുകയായിരിക്കും ചെയ്യുന്നത്. അതായത് നാം ആത്മീയമായി ഉറങ്ങിയാൽ പിശാച് കള വിതച്ചിട്ടുപൊയ്ക്കളയും. നമ്മൾ അറിയുന്നത് അതു മുളച്ചു വളർന്ന് ഫലം പുറപ്പെടുവിക്കുമ്പോഴായിരിക്കും.

മനുഷ്യരെ തെററിക്കുക എന്നതാണ് മുകളിൽ പ്രസ്താവിച്ച ആളുകളുടെ പ്രവർത്തനഫലം. ദൈവത്തിന്റെ വ്യവസ്ഥകളെയും പദ്ധതിയേയും മറിച്ചുകളയുകയാണ് ഇവർ. ദൈവത്തിന്റെ അരുളപ്പാടുകളെ കോട്ടി വളച്ചൊടിക്കുകയാണ്. നിഷ്കളങ്കരും അജ്ഞന്മാരുമായ ആളുകൾ ഇതിൽ വേഗം ചാഞ്ഞുപോകും. പ്രത്യേകിച്ച് ബലഹീന മനസുള്ളവർ. അതുകൊണ്ട് തിരുവചനത്തിൽ അങ്ങനെയുള്ളവരെ ഓർമ്മിപ്പിക്കുന്നത്, ആകയാൽ നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായിരിപ്പിൻ. ചെന്നായ്ക്കളുടെ സ്വഭാവത്തോടുകൂടിയ ആടുകളുടെ വേഷം ധരിച്ചവർ നിങ്ങളുടെ ഇടയിൽനിന്നും

എഴുന്നേല്ക്കുമെന്നും അവർ കർത്താവിന്റെ ശിഷ്യന്മാരും യഥാർത്ഥക്രിസ്ത്യാനികളുമായവരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേല്ക്കും. അതുകൊണ്ട് ഉണർന്നിരിപ്പീൻ (പ്രവൃത്തി.20:29-30). അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു.

കർത്താവിന്റെ സഭയിലുള്ള അവന്റെ അംഗങ്ങളും അവകാശികളുമായ നമുക്ക് പുറത്തുള്ളവരോട് ഒരു ബന്ധവുമില്ല. കാരണം അവർ രക്ഷിക്കപ്പെടാത്തവരും കർത്താവിന്റെ സഭക്കു പ്രതികൂലമായി നിലകൊള്ളുന്നവരുമത്രെ. ഒരർത്ഥത്തിൽ പറഞ്ഞാൽ അവർ ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കാത്തവരാണ്. അതുകൊണ്ട് നീതിക്കും അധർമ്മത്തിനും തമ്മിൽ ഒരു ബന്ധവുമില്ലാത്തതുപോലെ കർത്താവിന്റെ വചനപ്രകാരംജീവിക്കുന്നവർക്ക് നാമധേയ ക്രിസ്ത്യാനികളുടെ ആരാധനയിലോ ആത്മീയമായ കാര്യങ്ങളിലോ പങ്കുചേരാൻ പാടില്ല. കാരണം അവർ അപ്പൊസ്തലന്മാരുടെ ഉപദേശം വിട്ട് ക്രമം കെട്ടു നടക്കുന്നവരാണ്. ക്രിസ്തുവിന്റെ വാഗ്ദാനങ്ങളും ആത്മികാനുഗ്രഹങ്ങളും നല്കിയിരിക്കുന്നത് അവന്റെ സഭയിലുള്ളവർക്കു മാത്രമാണ്. കർത്താവിന്റെ സഭക്കു പുറത്തു രക്ഷയില്ല എഫെസ്യർ 1:3; പ്രവൃത്തി 4:12; എഫെസ്യർ 5:23). അപ്പൊസ്തലന്മാർ നമ്മോട് മുന്നറിയിച്ചിരിക്കുന്നത് ഇപ്രകാരമാണ്, സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടുക്രമം കെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം എന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു. അന്യന്മാരുടെ തെറ്റുകൾക്ക്, ദുഷ്പ്രവൃത്തികൾക്ക്, അവരുടെ ആലോചനകൾക്ക് നാം നമ്മെ വിട്ടുകൊടുക്കരുത്. കാരണം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റേയും ഭ്രാന്തുപിടിച്ചു ചീർത്തിരിക്കുന്നു (1 തിമൊഥെയോസ് 6:3-4).

ചിലർ ബൈബിൾ പഠിപ്പിക്കുന്നുണ്ടെങ്കിലും പഴയതും പുതിയതുമായ നിയമങ്ങൾ എല്ലാംകൂടെ എടുത്ത് ആളുകളെ പരിഭ്രാന്തരാക്കുന്നു. പഴയ നിയമം നല്കപ്പെട്ടതു ഇസ്രായേൽ ജനത്തിനായിരുന്നു. ഒരു പ്രത്യേകകാലംവരെ അതു ആവശ്യവുമായിരുന്നു. എന്നാൽ യേശുക്രിസ്തു പുതിയ നിയമം സ്ഥാപിച്ചു കഴിഞ്ഞ ശേഷവും പഴയനിയമം അനുസരിക്കേണം എന്നു പഠിപ്പിക്കുന്നവരെ സൂക്ഷിക്കുക (എബ്രായർ 10:5;7:12). അരുളിച്ചെയ്തത് ദൈവമാക

ന്നാൽ അവനെ നാം നിരസിക്കരുത്. യേശുക്രിസ്തു ദൈവമല്ലെന്നും അവൻ വെറും മനുഷ്യൻ മാത്രമായിരുന്നുവെന്നും പറയുന്നവരുണ്ട്. അങ്ങനെയുള്ളവരെ സൂക്ഷിക്കുക തിരുവെഴുത്തു വ്യക്തമാക്കുന്നതു അവൻ ദൈവമാണെന്നാണ് (റോമർ 9:5). യേശുക്രിസ്തു രാജ്യം സ്ഥാപിച്ചിട്ടില്ലെന്നാണ് ഒരുകൂട്ടർ പറയുന്നത്. എന്നാൽ വേദപുസ്തകം പറയുന്നു അതു സ്ഥാപിതമായി എന്ന് (മർക്കൊസ് 9:1; പ്രവൃത്തി 1:8; പ്രവൃത്തി 2:1-4). കൊലോസ്യർക്കു പൗലോസ് എഴുതുമ്പോൾ യഥാർത്ഥ ക്രിസ്ത്യാനികളായി തീർന്നവർ ക്രിസ്തുവിന്റെ രാജ്യത്തിലായി തീർന്നു എന്നുപറയുന്നു (കൊലൊസ്യർ 1:13). ഈ ഭൂമി മനുഷ്യവാസത്തിനായി സൃഷ്ടിക്കപ്പെട്ടതാണ്, അതുകൊണ്ട് ഭൂമിയെ ദൈവം നശിപ്പിക്കയില്ല എന്നു പഠിപ്പിക്കുന്നവരുണ്ട്. എന്നാൽ ദൈവം അരുളിച്ചെയ്തിരിക്കുന്നത്, "ഭൂമിയും ആകാശവും ഒഴിഞ്ഞുപോകും ഭൂമിയും അതിലുള്ള പണികളൊക്കെയും വെന്തുപോകുമെന്നാണ്" (2 പത്രൊസ് 3:10-11). യേശുക്രിസ്തു ആദ്യത്തെ സൃഷ്ടിയാണെന്നു ചിലർ പഠിപ്പിക്കുന്നു. എന്നാൽ ബൈബിളിൽ അവൻ ആദ്യജാതൻ എന്നു പറയുന്നുണ്ട്. അവൻ ആദ്യസൃഷ്ടി എന്ന് ഒരിടത്തും പറയുന്നില്ല. അവൻ മുഖാന്തരമാണ് സകലവും സൃഷ്ടിക്കപ്പെട്ടതെന്നും അവനെകൂടാതെ യാതൊന്നും ഉളവായിട്ടില്ല എന്നും പറയുന്നു (കൊലൊസ്യർ 1.16).

കർത്താവ് വീണ്ടും വരുമെന്ന് മിക്കവാറും എല്ലാവരും വിശ്വസിക്കുന്നു. എന്നാൽ അവൻ രണ്ടാമതു വരുമ്പോൾ ഈ ഭൂമിയിൽ ആയിരമാണ്ട് വാഴുമെന്നു പറഞ്ഞു ഉപദേശിക്കുന്നവർ വിപരീതോപദേശക്കാരാണ്. കാരണം യേശുക്രിസ്തു വീണ്ടും വരുമ്പോൾ തന്റെ രാജ്യം പിതാവിനെ ഏല്പിച്ചു കൊടുക്കുകയാണ് ചെയ്യുന്നത് (1 കൊരിന്ത്യർ 15:24). യേശുക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ട് അവന്റെ രാജ്യം ഐഹികമല്ല എന്ന് (യോഹന്നാൻ 18:36). ദൈവരാജ്യം അഥവാ ക്രിസ്തുവിന്റെ സഭ എന്നതു ഭൗതികമായ ഒരു സംഘടനയല്ല; മറിച്ച് ആത്മീയമായ കാര്യങ്ങൾക്കുവേണ്ടി ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലകൊള്ളുന്ന ഒരു കൂട്ടം ആളുകളാണ്. പരിശുദ്ധാത്മാവിനു വ്യക്തിത്വം കല്പിക്കാത്തവരുടെ അഭിപ്രായം, പരിശുദ്ധാത്മാവ് ഒരു ശക്തിയാണെന്നാണ്. എന്നാൽ ദൈവം പ്രസ്താവിച്ചിരിക്കുന്നത്; ദൈവത്തിന്റെ ആത്മാവിന് വ്യക്തിത്വം ഉള്ളതായിട്ടാണ് (യോഹന്നാൻ 16:13;14:26). പരിശുദ്ധാത്മാവിനോടു വ്യാജം പ്രവർത്തിക്കുന്നതു ദൈവത്തോടു വ്യാജം പ്രവർത്തിക്കുന്നതാണ് (പ്രവൃത്തി5:3-4). പരിശുദ്ധാത്മാവ് ദൈവമല്ല എന്നും വ്യക്തിയല്ലാ എന്നും പറയുന്നവർ പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നവരാണ്, അവരോടു ദൈവം ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ക്ഷമിക്കുകയില്ല എന്നു പറഞ്ഞിരിക്കുന്നു.

ഒരുപദേഷ്ടാക്കന്മാരുടെ വാക്കുകൾ കേൾക്കുകയോ അതു വിശ്വസിക്കുകയോ അരുത്; ഈ ലോകത്തു കാണപ്പെടുന്ന അനിഷ്ട സംഭവങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് യേശുക്രിസ്തു വാഴുന്നില്ല; പിശാചാണ് വാഴുന്നത് എന്ന് ജനങ്ങളെ തെററിദ്ധരിപ്പിക്കുന്നുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ രാജ്യം ആത്മികമായതിനാൽ അവൻ വാഴുന്നത് ആത്മാക്കളെയാണ്. ലോകപ്രകാരം ജീവിക്കുന്നവൻ സാത്താന്റെ കീഴിലാണ്. അതാണ് സർവലോകവും സാത്താന്റെ അല്ലെങ്കിൽ ദുഷ്ടന്റെ കീഴിൽ എന്നു പറഞ്ഞിരിക്കുന്നത്. സകല ശത്രുക്കളെയും തന്റെ കാൽകീഴാക്കി കഴിയുവോളം യേശുക്രിസ്തു വാഴേണ്ടതാണ് എന്ന് വചനം പറയുന്നു (1 കൊരിന്ത്യർ 15:24.26) നിങ്ങൾ നിങ്ങളുടെ സാമാന്യബുദ്ധി ഉപയോഗിച്ച് ചിന്തിക്കുക. ഒരിക്കലും വഞ്ചനയിൽ കുടുങ്ങിപോകരുത്.

പ്രിയരെ, യേശുക്രിസ്തുവിന്റേയും അപ്പൊസ്തലന്മാരുടേയും ഉപദേശത്തിൽ നിന്നും അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവമില്ല. അവരെ ദൈവം അംഗീകരിക്കുകയുമില്ല (2 യോഹന്നാൻ 9; ഗലാത്യർ 1:6-8). നിങ്ങളോ അവനേക്കുറിച്ച് കേട്ടു അവനിൽ നിന്നും ഉപദേശം ലഭിച്ചുവെങ്കിൽ നിങ്ങൾക്കു തിരിച്ചറിയാം. ദൈവേഷ്ടം എന്തെന്ന് തിരിച്ചറിഞ്ഞ് വിവേകമുള്ളവരായി ജീവിക്കുക. അങ്ങനെ നാം ഇനി മനുഷ്യരുടെ ഉപായത്താലും ചതിയാലും തെററിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാററിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. നിങ്ങൾ ഒരിക്കലും ആത്മാവിനെ നഷ്ടപ്പെടുത്തുവാൻ വിട്ടുകൊടുക്കരുത്; സാത്താൻ നിങ്ങളുടെ ഹൃദയം കവരരുത്; വേദപുസ്തക സത്യത്തിൽ ഉറച്ചുനിന്ന് കർത്താവിന്റെ ദിവ്യസ്വഭാവത്തിനു കൂട്ടാളികളായി മരണപര്യന്തം അവന്റെ സഭയിൽ നിലനില്ക്കുക. കർത്താവ് രക്ഷിക്കുന്നത് തന്റെ സഭയെയാണ്. നാമധേയ വിഭാഗങ്ങളെയല്ല. അവയെല്ലാം മനുഷ്യനിർമ്മിതമാണ്.

# സത്യസന്ധന്റെ പെരുവഴി

റോബർട്ട് ആർ.

ജീവിതത്തിൽ വ്യത്യസ്ഥ വഴികളിലൂടെ സഞ്ചരിക്കുന്ന ഓരോ യാത്രക്കാരന്റെയും ആലോചനയെ വാക്കുകളിലൂടെ രേഖപ്പെടുത്തിയിരിക്കുകയാണ് ദൈവശ്വാസീയമായി സദൃശ്യവാക്യലേഖകൻ. "ദോഷം അകററി നടക്കുന്നതു നേരുള്ളവരുടെ പെരുവഴി; തന്റെ വഴി സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കാത്തുകൊള്ളുന്നു (സദൃശ്യവാക്യം 16:17). ഇതു എല്ലാ കാലത്തേക്കുമുള്ള ആളുകളെ ബാധിക്കുന്നതാണെന്നു നമുക്കറിയാം. അവരുടെ മനസിൽ ഈ സന്ദേശം പതിയുകയും അതിന്റെ ഫലമായി ക്രിയാത്മകമായ ഒരു മാററം അവരിൽ കാണപ്പെടുകയും ചെയ്താൽ ഞാൻ കൃതാർത്ഥനാണ്. തിന്മയും ദുഷ്ടതയും തിങ്ങി നില്ക്കുന്ന ലോകത്തിലാണ് യുവാക്കൾ വസിക്കുന്നത്. ഭാവിയിലേക്കുള്ള നയിക്കൽ ഉരുത്തിരിയേണ്ടതിനു തിരഞ്ഞെടുക്കേണ്ടതു പ്രാരംഭദിശയിലാണ്. ഭാവിയിലെ നിങ്ങളുടെ യജമാനൻ പാപമായിരിക്കുമോ രക്ഷകനായിരിക്കുമോ? ദൈവത്തിന്റെ ജീവ പുസ്തകപ്രകാരമോ അതോ മനുഷ്യരുടെ പുസ്തകപ്രകാരമോ നിങ്ങളുടെ ജീവിതത്തെ നിങ്ങൾ പണിയുക? നിങ്ങൾ വിശ്വസ്ഥമായി നിങ്ങളുടെ ക്രിസ്തീയ ജീവിതം കൊണ്ടുപോകുമോ അതോ നേരുള്ളവന്റെ പെരുവഴി വിട്ടുപോകുമോ? ആരായിരിക്കും നിങ്ങളുടെ ജീവിതപങ്കാളി? ഏതുരീതിയിലുള്ള കുടുംബ ജീവിതമാണ് നിങ്ങൾ നയിക്കുവാൻ ഉദ്ദേശിക്കുന്നത്? നിങ്ങളുടെ കൂട്ടായ്മ ആരോടെല്ലാമാണ്? നിങ്ങൾ ഇപ്പോൾ തെരഞ്ഞെടുക്കുന്നതിന്റെ ഫലമായിട്ടാണ് ഭാവിയിൽ നിങ്ങളെ മാടി വിളിക്കുന്ന നിത്യജീവനോ രണ്ടാംമരണമോ കിട്ടുന്നതു.

നമ്മുടെ ദേശത്ത് അധികം ആളുകളും തിന്മയുടെ പുറകെ ഓടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ നേരുള്ള ഒരു യുവാവ് അതിൽ നിന്നും സ്ഥിരമായി വേർപെട്ടു നില്ക്കുവാൻ ആഗ്രഹിക്കും. പൈങ്കിളി കഥകളോ, അസാന്മാർഗിക ജീവിതത്തെ എടുത്തുകാണിക്കുന്ന ഗ്രന്ഥങ്ങളോ വായിക്കുവാൻ തെരഞ്ഞെടുക്കുകയില്ല എന്ന തീരുമാനമാണ് ഇവയിൽ ചിലത്. സന്തോഷത്തോടെ ചിന്തിക്കുവാൻ കഴിയുന്ന ഒന്നിനോടായിരിക്കും ഒരു ദൈവഭക്തിയുള്ള

യുവാവിൻേറയോ യുവതിയുടേയോ പ്രതിപത്തി. നാം തുടർച്ചയായി ചിന്തിക്കുന്നതിനനുസരിച്ചായിരിക്കും നമ്മുടെ സ്വഭാവവും ഉരുതിരിഞ്ഞു വരുന്നത്. ഒരു വിചാരം വിതച്ചാൽ ഒരു പ്രവൃത്തി കൊയ്യുന്നു; പ്രവൃത്തി വിതച്ചാൽ പെരുമാററം കൊയ്യുന്നു; ഒരു പെരുമാററം വിതച്ചാൽ സ്വഭാവം കൊയ്യുന്നു. അതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത്, "ഫലം കൊണ്ടല്ലൊ വൃക്ഷത്തെ തിരിച്ചറിയുന്നത്" എന്ന്. പ്രായമാകുന്തോറും അതിൻെറ ആഴമേറിയ അർത്ഥം നിങ്ങൾക്കു അനുഭവപ്പെടും. കൊള്ളരുതാത്ത സാഹിത്യരചനകൾ തുടർച്ചയായി വായിച്ചുകൊണ്ടിരുന്ന ഒരാൾ എന്നോടുപറയുകയുണ്ടായി: "അക്ഷരികമായി എൻെറ മനസ് ദ്രവിച്ചുകൊണ്ടിരിക്കുന്നു". കാരണം അയാൾ വായിച്ചതിനെക്കുറിച്ച് ചിന്തിക്കുന്നു. ആ ചിന്ത അയാളുടെ മനസിനെയും പിന്നീട് ശരീരത്തെയും ബാധിക്കും. വിലകുറഞ്ഞതും കൊള്ളരുതാത്തതുമായ വാരികകൾ, മാസികകൾ, നോവലുകൾ, കഥകൾ എന്നിവ ചൂടപ്പംപോലെ വിററഴിയുന്നു. ഇവയെല്ലാം വായിക്കുന്നതു ഭൂരിഭാഗവും നമ്മുടെ യുവതീയുവാക്കളാണ്. നിങ്ങൾ അതിൽ ഉൾപ്പെടുന്നുവോ? ഈ വായനക്കാരെ നേർവഴിയിലേക്കു തിരിച്ചു കൊണ്ടുവരാൻ നിങ്ങൾ എന്തു നിലപാടു സ്വീകരിച്ചു?

കർത്തവ്യം നിങ്ങൾക്കും എനിക്കും ഉണ്ട്. പലതും കണ്ണടച്ചുകളയുന്നവരുണ്ട്. പക്ഷേ ഈ കാര്യത്തിൽ അതു ബുദ്ധിയല്ല. ഭാവി തലമുറ ഇന്നത്തെ യുവതീയുവാക്കളിൽ നിക്ഷിപ്തമാണല്ലൊ. അതുകൊണ്ട് ഇപ്പോൾ തന്നെ അവരുടെ പോക്കു നിയന്ത്രിക്കണം. ഇല്ലെങ്കിൽ അപകടകരമായ അന്ത്യം അവർക്കു നേരിടുമ്പോൾ ഒന്നും ചെയ്യാൻ സാദ്ധ്യമല്ലാതാകും. സമൂഹത്തോട് വ്യക്തിക്കുള്ള കടപ്പാട് നിറവേററുവാൻ ഓരോരുത്തർ ഓരോ മാദ്ധ്യമം തിരഞ്ഞെടുക്കുന്നു. നിങ്ങൾ തെരഞ്ഞെടുക്കേണ്ട വഴി ദൈവത്തിൻേറതായിരിക്കണം. കാരണം മററുള്ളവയെല്ലാം താല്ക്കാലികവും അനശ്വരവുമാണ്. എന്നാൽ കർത്താവിൻെറ വഴി നിത്യമാണ്. സൽഗുണപാതയിൽ നിലനിൽക്കേണ്ടതിന് യൗവ്വനത്തിൽ നിൻെറ സൃഷ്ടാവിനെ നീപിടിച്ചുകൊൾക.

ശരീരത്തെ നശിപ്പിക്കുന്ന ദുഷ്പ്രവൃത്തികളിൽ നിന്നും ക്രിസ്തുവിനുവേണ്ടി ജീവിക്കുന്ന ഒരു യുവാവ് വിട്ടു നിൽക്കും. പുകവലി ഈ വകയിൽ പെടുന്ന ഒന്നാണ്. പുകവലിക്കുന്ന പിതാക്കന്മാരുടെ മക്കളോടു പുകവലിക്കാത്തവനായ എനിക്കു ചില നിർദ്ദേശങ്ങൾ കൊടുക്കുവാൻ കഴിയും. ഒരു പക്ഷേ നിങ്ങൾക്ക് അതിനു കഴിയുകയില്ല. നിങ്ങളുടെ പ്രവൃത്തികൾ വാക്കുകളേക്കാൾ അധികം വേഗത്തിൽ സ്വാധീനിക്കത്തക്കതാണ്. ആഴത്തിൽ മുറിവേൽക്കപ്പെടുകയും അടിമസ്വഭാവത്തിലേക്കു നയിക്കപ്പെടുകയും ചെയ്യുന്ന ഈ ദുസ്വഭാവത്തിൽ നിന്നും വിട്ടകലണമെന്നാണ്

എല്ലാ യുവതീ യുവാക്കളോടും എനിക്കുള്ള അപേക്ഷ. പുകവലി ക്കാരനാകാത്തതിൽ ഖേദിക്കുന്ന ഒരൊററ വ്യക്തിയെയും നമുക്കു കാണാൻ കഴിയുകയില്ല. പുകവലിയുടെ മണ്ഡലങ്ങളിൽ നിന്നും എന്നെ സൂക്ഷിച്ച് വളർത്തിയ എന്റെ മാതാപിതാക്കളെ എനിക്ക് അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. പുകവലിക്ക് ഇരയായി തീരേണ്ടി വന്നതിൽ ഖേദിക്കുന്ന എത്രയോ ആളുകളെ എനിക്കറി യാം. സ്ത്രീകളെ പുകവലിയിലേക്ക് ആകർഷിക്കുവാൻ അവർ ക്കുവേണ്ടി പ്രത്യേകമായി ഇറക്കുന്ന സിഗററും ലഭ്യമാണ്. ഇതു വ്യാപാര തന്ത്രമാണ്. ലഹരി പദാർത്ഥങ്ങൾ, മയക്കു മരുന്നുകൾ എന്നിവ മരണകരവും ആത്മാവിനെ നശിപ്പിക്കത്തക്കതും ആക കൊണ്ട് എല്ലാവരും അവയിൽ നിന്നും തങ്ങളെ തന്നെ സൂക്ഷിക്കേ ണം. അങ്ങനെ വിലയേറിയ നമ്മുടെ ആത്മാവ്, മനസ്സ്, ശരീരം എന്നിവ ദൈവത്തെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും സമർപ്പിക്കുക.

നേർവഴിയിൽ നടക്കുവാൻ ആഗ്രഹിക്കുന്ന ക്രിസ്തീയ യുവാ വ് ദുഷിച്ച കൂട്ടുകെട്ടുകളിൽ നിന്നും വിട്ടു നില്ക്കും. കാരണം അത്തരം അസാന്മാർഗ്ഗികത്വം ധാർമ്മിക സ്വഭാവത്തെ മലിനപ്പെ ടുത്തും.(1കൊരിന്ത്യർ 15:33) ഒരേതരത്തിലുള്ള സ്വലിംഗത്തിലുള്ള വ്യക്തികളെ തെരഞ്ഞെടുക്കുമ്പോൾ അത് ആത്മീയതയെയും ധാർ മ്മിക നിലവാരത്തെയും വളർത്താൻ ഇടയാക്കും. ദൈവത്തിൽ നമ്മുടെ കൈകളെ ബലപ്പെടുത്തത്തക്ക വിധത്തിൽ ദാവീദിന് എപ്ര കാരം യോനാഥാൻ ആയിരുന്നുവോ അതുപോലെയുള്ള ഉത്തമ സ്നേ ഹിതന്മാരാണ് നമുക്കാവശ്യം (1 ശമുവേൽ 23:16). അവസാന കൂട്ടു കെട്ട് തെരഞ്ഞെടുക്കുമ്പോൾ അത് നിർമ്മലവും വിശുദ്ധവുമായിരി ക്കട്ടെ. വൈവാഹിക ജീവിതത്തിലേക്കു പ്രവേശിക്കുവാൻ ആഗ്ര ഹിക്കുന്ന യുവതികളും യുവാക്കളും പണത്തേക്കാളും സാമൂഹ്യമേ ന്മയെക്കാളും കുടുംബമഹിമയേക്കാളും പ്രാധാന്യം ശുദ്ധി ഹൃദയ ത്തിനും ദൈവ വചനപ്രകാരമുള്ള ഭക്തിയുള്ള വ്യക്തിത്വത്തിനും കൊടുത്താൽ അതെത്ര അഭികാമ്യം. അതെത്രമാത്രം പ്രശ്നങ്ങളെ ഒഴിവാക്കുമെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ചിലർ ആത്മീയ വ്യക്തിത്വത്തേക്കാൾ ആകാര സൗഷ്ടവത്തിനും സൗന്ദര്യത്തിനും വില കല്പിക്കുന്നവരാണ്. പക്ഷേ അതെല്ലാം വെറും പൊള്ളയാ ണെന്ന് അധികം താമസിയാതെ അവർ മനസിലാക്കും. നിങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാൻ തയ്യാറായ ആത്മീയ പങ്കാളിയെ ആജീവനാന്തം നിങ്ങൾക്കു വിശ്വസിക്കാം.

നേർവഴിയിൽ നടക്കുന്ന ഒരു യുവാവ് തിന്മയെ ഉപേക്ഷിച്ച് നന്മ പിൻതുടർന്ന് മററുള്ളവർക്കു ആവേശവും മാതൃകയും ആയി മാറുന്നു. യുവത്വത്തിൽ നിങ്ങളുടെ ആത്മാവ് സംരക്ഷിക്കപ്പെടു

ന്നുവെങ്കിൽ അന്തിമ ഫലം അതിനനുസരിച്ചായിരിക്കും. ജീവിതത്തിന്റെ തയ്യാറെടുപ്പിൽ മതിയായ വിജയം കൈവരിക്കണമെങ്കിൽ ബുദ്ധിയോടെ പ്രവർത്തിക്കുക. മതപരമായ തെറ്റുകളെ പ്രവർത്തിക്കുന്നവർ അതുപേക്ഷിക്കുവാൻ ധൈര്യം കാണിക്കണം. ദൈവേഷ്ടപ്രകാരമുള്ള ആരാധനക്കും ക്രിസ്തീയ ജീവിതം നയിക്കുന്നതിൽ സ്ഥിരതയും നിങ്ങളെ പൂർണ്ണമായി സമർപ്പിക്കുക. മററുള്ളവരെ അതിന് ഉത്തേജിപ്പിക്കുക. സ്വർഗ്ഗം നിങ്ങൾക്കായി തുറന്നിരിക്കുന്നു. ഉത്തരവാദിത്വത്തോടെ ചിന്തിക്കുക. ഭൗമിക ജീവിതം ഒരു പക്ഷേ ക്ഷണഭംഗുരമാകാം, അല്ലെങ്കിൽ അതിനു ദൈർഘ്യം നേരിടാം. സത്യസന്ധരായ ആളുകൾ തങ്ങളുടെ വഴി പരിശോധിക്കും. അന്ധമായി ഒന്നും അനുകരിക്കാതെ കാര്യ കാരണ സഹിതം പരിശോധിച്ച് നല്ലതു മുറുകെ പിടിക്കുക. നിങ്ങളുടെ നിലപാട് നിങ്ങൾക്കു മാത്രമെ അറിയാവൂ; ദൈവത്തിനുമറിയാം.

# വായനക്കാർ എഴുതുന്നു

ബൈബിൾ ട്രൂത്ത് 1990 ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ച K, J. തോമസിന്റെ 'ഒരു ഭാര്യയുടെ ഉത്തരവാദിത്വങ്ങൾ' എന്ന ലേഖനം വളരെ ശ്രദ്ധേയവും സ്വാഗതാർഹവുമാണ്. (പേജ് നമ്പർ 23) യേശുവിന്റെ സാന്നിദ്ധ്യം അനുഭവിക്കുന്ന ഒരു വീട്ടിൽ എപ്രകാരം ഒരു പുരുഷൻ തന്റെ ഭാര്യയോട് പെരുമാറുന്നതിൽ ശ്രദ്ധിക്കണമോ, അതുപോലെ തന്നെ സ്ത്രീയും തന്റെ ഭർത്താവിനോട് ഇടപെടുന്നതിൽ ശ്രദ്ധിക്കണം എന്ന് K. J. തോമസ് വളരെ വിശദമായി ആ ലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഈ ലേഖനം എന്നെപ്പോലെതന്നെ മററനേകർക്കും പ്രയോജനപ്പെട്ടിരിക്കും എന്ന് ഞാൻ വിചാരിക്കുന്നു. കാരണം, ആർക്കും അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളാണ് അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. K. J. തോമസിന് എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ രേഖപ്പെടുത്തു.

എന്ന്

വിനയപൂർവ്വം

**സി. സക്കീർ ഹുസൈൻ,** എടത്തനാട്

(5-ാം പേജിന്റെ തുടർച്ച)

താക്കോൽ ആത്മീയമാണെന്നു മനസിലായതിനാൽ ആ ആത്മീയമായ താക്കോൽ എന്നു വിവക്ഷിക്കുന്നതു എന്താണെന്ന് അറിയേണ്ടതുണ്ട്. ഇതു മനസിൽ വെച്ചുകൊണ്ട് കർത്താവ് തന്റെ അപ്പോസ്തലന്മാരോടു മഹത്തായ കല്പന ആജ്ഞാപിക്കുന്നതു നമുക്കു ശ്രദ്ധിക്കാം. സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുവാൻ ആദ്യമായി അവൻ ആവശ്യപ്പെടുന്നു. സകല ജാതികളേയും ഉപദേശിച്ചുകൊള്ളണമെന്നും നിർദ്ദേശിച്ചിരുന്നു. (മർക്കൊസ് 16:15;16; മത്തായി 28:19). ഇതിന്റെ ഉദ്ദേശം എന്തായിരുന്നു? കർത്താവ് ജനങ്ങളിൽ നിന്നും ആവശ്യപ്പെടുന്നത് എന്ത് എന്ന് പറയേണ്ടിയിരിക്കുന്നു; അതായത് കർത്താവിന്റെ ഇഷ്ടം അവർ വെളിപ്പെടുത്തേണ്ടിയിരുന്നു. അതിൽ ക്ഷമാപണ നിബന്ധനകൾ ഉൾപ്പെട്ടിരുന്നു. ആകയാൽ ജനങ്ങളിൽ അനുസരണത്തിലേക്കു നയിക്കുന്ന വിശ്വാസം ഉണ്ടാകേണ്ടതു ആവശ്യമായിരുന്നു. ആ രക്ഷ ദൈവരാജ്യത്തിൽ അല്ലെങ്കിൽ സഭയിൽ മാത്രം നിലനിൽക്കുന്നതാണ്. അതുകൊണ്ട് ക്രിസ്തു, അപ്പൊസ്തലന്മാർക്കു രാജ്യത്തിന്റെ താക്കോൽ നൽകിയത്, ദൈവരാജ്യത്തിലേക്ക് അഥവാ സഭയിലേക്കുള്ള പ്രവേശനം തുറന്നു കൊടുക്കുക അഥവാ അതിനുള്ള അധികാരം ഉപയോഗിക്കുക എന്ന ഉദ്ദേശത്തോടെയാണ്.

യെരുശലേമിൽ പെന്തകൊസ്തു പെരുന്നാൾ ആഘോഷിക്കുവാൻ വന്ന വലിയൊരു പുരുഷാരത്തോട് അപ്പൊസ്തലന്മാർ ആദ്യമായി സുവിശേഷം പറയുന്നതു നമുക്കു നോക്കാം. പരിശുദ്ധാത്മാവിന്റെ ശക്തി അപ്പൊസ്തലന്മാർക്കു ലഭിച്ചതുകൊണ്ട് അവർ അന്യ ഭാഷകളിൽ സംസാരിക്കുകയും, യേശു അവരെ പഠിപ്പിച്ചതെല്ലാം ഓർമ്മിപ്പിക്കയും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ അവർക്കു കഴിവു ലഭിക്കുകയും ചെയ്തു. ഈ സംഭവങ്ങളെല്ലാം പ്രവചന നിവർത്തീകരണമായിരുന്നു. അവരുടെ പ്രസംഗത്തിൽ, യേശുക്രിസ്തു ഈ ലോകത്തിൽ വന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ച് അവൻ ദൈവ പുത്രനാണെന്ന് തെളിയിച്ചു. എന്നാൽ മഹാപുരോഹിതന്മാരും പരീശന്മാരും അവനെ ക്രൂശിൽ തറച്ചു കൊല്ലുകയും അടക്കപ്പെടുകയും കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേററ് പിതാവിന്റെ വലതുഭാഗത്ത് കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്ന് സ്പഷ്ടമായി പറഞ്ഞു.

തുടർന്ന് സംഭവം വിവരിക്കുന്നത്, ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രോസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നുചോദിച്ചു. പത്രോസ് അവരോടു: നിങ്ങൾ മാന

സാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേൽപ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു. മററു പല വാക്കുകളാലും അവൻ സാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു. ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു. അവൻെറ വാക്കു കൈക്കൊണ്ടവർ സ്നാനമേററു. അന്നു മൂവായിരം പേർ അവരോടു ചേർന്നു (പ്രവൃത്തി 2:37—41), പിന്നീട് അതേ അദ്ധ്യായം 47-ാം വാക്യത്തിൽ നാം വായിക്കുന്നത്, "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" എന്നത്രെ.

മുകളിൽ പ്രതിപാദിച്ച കാര്യങ്ങളിൽ നിന്നും നാം എന്താണു പഠിക്കുന്നത്? സഭയിൽ അല്ലെങ്കിൽ രാജ്യത്തിൽ ആകാത്ത ജനങ്ങൾ ഉണ്ടായിരുന്നു. അവർ നഷ്ടപ്പെട്ടവരായിരുന്നു. കർത്താവിനെയോ അവൻെറ രക്ഷാശക്തിയെയോ അറിയാത്തവരായിരുന്നു അവർ. അതുകൊണ്ട്, അവർ രക്ഷിക്കപ്പെടേണ്ടതിനു അപ്പൊസ്തലന്മാർ അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു. തൽഫലമായി അവർ യഥാർത്ഥ വിശ്വാസികളായിതീർന്നു. മാത്രമല്ല; അവരുടെ പാപങ്ങളിൽ നിന്നും അവർ മനസു തിരിഞ്ഞു രൂപാന്തരപ്പെട്ടു. തുടർന്നു അവരുടെ പാപങ്ങൾ മോചിക്കപ്പെടേണ്ടതിന്നായി അവർ സ്നാനവും ഏററു. അവർ യാതൊരു ഒഴിവു കഴിവും പറഞ്ഞില്ല എന്നതു സ്മരണീയമത്രെ. അവരുടെ ആഗ്രഹം ആത്മീയ രക്ഷയായിരുന്നു. അതുകൊണ്ട് കർത്താവ് അവരെ രക്ഷിച്ചു. അതായത് അവരുടെ പാപങ്ങൾക്കു ലഭിക്കേണ്ടതായ ശിക്ഷ ഒഴിവാക്കികൊടുത്തു എന്നർത്ഥം.

ക്രിസ്തുവിൻെറ വചനപ്രകാരം രക്ഷ പ്രാപിക്കുന്നവരെ അവൻ തൻെറ സഭയിലേക്കു ചേർക്കുന്നു. മറെറാരർത്ഥത്തിൽ പറഞ്ഞാൽ അവൻെറ രാജ്യത്തിലേക്കു ചേർക്കുന്നു. ഇതെല്ലാം എന്തിനെ സൂചിപ്പിക്കുന്നു? അപ്പൊസ്തലന്മാരുടെ ഉപദേശം വെളിപ്പെടുത്തിയത് എന്തെന്നാൽ പ്രവേശന വ്യവസ്ഥകളാണ്. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പ്രവേശിപ്പിക്കുന്നതു. ഇതാണ് അവർ ജനങ്ങൾക്കു നൽകിയത്. അവരുടെ നിർദ്ദേശങ്ങൾ, പുരുഷാരം രക്ഷ പ്രാപിക്കേണ്ടതിനായിരുന്നുവല്ലോ. സ്വർഗ്ഗീയ ഭരണം സ്വീകരിക്കുന്ന ഒരു വ്യക്തി മാത്രമെ രക്ഷാപദ്ധതിയുടെ വ്യവസ്ഥ അതേപടി നിറവേററുകയുള്ളു. അല്ലാത്തവർ അതിനെ എതിർക്കുകയോ നിരാകരിക്കുകയോ ചെയ്യും. ഇവിടെ വിവരിച്ചിരിക്കുന്ന നിബന്ധനകൾ സ്വർഗ്ഗത്തിൽ വസിക്കുന്ന

രക്ഷകൻേറതാണ്. അതനുസരിച്ചാൽ അവരെ അവൻ തൻെറ സഭയിലേക്ക്, രാജ്യത്തിലേക്ക് പ്രവേശിപ്പിക്കുന്നു. ഇതാണ് സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ.

അന്ന് അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടു ഉപദേശിച്ചവ സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരുന്നു. തൽഫലമായി ഇതു തുടർന്നും കെട്ടപ്പെട്ടിരിക്കേണ്ടതിനു തെററുകൂടാതെ പുതിയ നിയമപേജുകളിൽ എഴുതപ്പെട്ടിരിക്കുകയാണ്. ആകയാൽ കാലം നിലനില്ക്കുന്നേടത്തോളം മനുഷ്യരിൽ ഈ വ്യവസ്ഥകൾ കെട്ടപ്പെട്ടിരിക്കുകയാണ്. അതായത് അന്ന് കെട്ടപ്പെട്ടതും അഴിഞ്ഞതുമായ കാര്യങ്ങൾ ഇന്നും കെട്ടപ്പെട്ടതും അഴിഞ്ഞതുമാണ് എന്ന് സ്പഷ്ടം. അപ്പൊസ്തലന്മാരുടെ കാലയളവിൽ കെട്ടപ്പെടാത്തതായ കാര്യങ്ങൾ അഥവാ അവർ ഉപദേശിക്കാത്തതായ കാര്യങ്ങൾ നാം സ്വീകരിക്കേണ്ട എന്ന് തെളിയുന്നു. നമ്മെ ബാധിക്കുന്നതു ദൈവത്താൽ അയക്കപ്പെട്ടവരുടെ കല്പനകളും നിർദ്ദേശങ്ങളുമാണ്.

ഒരാൾ ദൈവത്താൽ രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാർ വെളിപ്പെടുത്തിയിട്ടുള്ള രക്ഷാ നിബന്ധനകളാണ് സ്വീകരിക്കേണ്ടത്. പാരമ്പര്യമോ മാനുഷികമോ ആയ സിദ്ധാന്തങ്ങളിൽ ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കരുത്. കാരണം ദൈവ വ്യവസ്ഥയോടു മറുക്കുന്നവൻ ദൈവത്തോടു മത്സരിക്കുന്നു. കർത്താവിൻെറ രാജ്യത്തിൽ അല്ലെങ്കിൽ സഭയിൽ ആകണമെങ്കിൽ അവൻെറ ആജ്ഞകൾ ആണ് കൈക്കൊള്ളേണ്ടത്. ഒരാൾക്കു ഒന്നും മററൊരാൾക്ക് വേറൊന്നും ആയിട്ടല്ല; ദൈവം ഇന്ന് ഇവ നല്കിയിട്ടുള്ളത്. എല്ലാവർക്കും പൊതുവായ ഒരേ വ്യവസ്ഥമാത്രം. ദൈവരാജ്യത്തിൻെറ, സഭയുടെ വാതിൽ തുറന്നു തന്നിരിക്കുന്നു, അപ്പൊസ്തലന്മാരാണ് തുറന്നു തന്നത്. അവരുടെ വാക്കുകൾ കൈക്കൊള്ളുന്നവർ സ്നാനമേററു, രക്ഷപ്രാപിച്ചു. അവരെ കർത്താവ് സഭയോട് ചേർത്തു. ഇതു വിശ്വസിക്കാതെ, അനുസരിക്കാതെ പ്രവേശനം സാദ്ധ്യമല്ല. അതേ അപ്പൊസ്തലന്മാരുടെ ഉപദേശമാണ് ഇന്നും കേൾക്കുകയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത്. അങ്ങനെ ചെയ്താൽ അവർ അവൻെറ രാജ്യത്തിൽ പ്രജകളായി മാറും; അവൻെറ സഭയിൽ അംഗങ്ങളായി തീരും.

# ആശ്വാസതീരം തേടി

ബോസ് കെ. ആർ

അലയുകയാണ് ഞാൻ
എങ്ങോ നഷ്ടപ്പെട്ടൊരെൻ
സ്നേഹദീപം തേടി

വഴികൾ ഇരുണ്ടു ഇരിക്കുന്നു.
എവിടെയാണ് ആശ്വാസതീരം
പ്രഭാതം പൊട്ടിവിടരു-
മ്പോൾ കേൾക്കാം....അങ്ങ്
അകലെ ചോരതിളക്കുന്ന തീരത്തെ
മർത്ത്യന്റെ മാംസപിണ്ഡം കൊത്തി-
പറിക്കുന്ന കഴുകൻമാരുടെ ഗർജ്ജനം

ഇങ്ങു കുണ്ടൂരിൽ അതിരാത്ര-
മന്ത്രങ്ങൾ മനുജന്റെ അകക്കണ്ണുതുറന്നിടാൻ
അതിബുദ്ധിയാൽ ഉരുക്ക് അഴിച്ച-
യന്ത്രങ്ങൾ തുരുമ്പിക്കുന്നു....
ചോരക്കളത്തിൽ
എങ്ങും കണ്ടില്ല ഞാൻ ആശ്വാസതീരം
എന്ന് ഉഴറിഅലയുമ്പോൾ
രണ്ടു നൂറ്റാണ്ടിനപ്പുറത്ത് നിന്നു
കേട്ടു ഞാൻ ഒരിടയന്റെ ശബ്ദം.

സ്നേഹമസൃണമാം ശബ്ദം
ഇപ്പോഴ് എൻ ആത്മാവ്
ജ്വലിക്കുന്നു....
കാൽവരിയിലെ ആശ്വാസതീരത്ത്.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.
Mondays— 9 : 00 to 9 : 15 P M.
Fridays— 7 : 45 to 8 : 00 P M.

HINDI—*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.
Tuesdays— 9 : 00 to 9 : 15 P,M.
Thursdays— 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.
Sundays— 12 : 45 to 1 : 00 P.M.

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001
Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P.M.
Thursdays- 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore-560084.
Tuesdays— 5 : 30 to 5 : 45 P.M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.
Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth-Speaker Robert Rathnakar-Box. 448, Bangalore-560004
Sundays 1:45 P.M.

**ALL ARE ENCOURAGED TO LISTEN.**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Prinetd and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis. 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p.m.

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Trivandrum—695034